മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *241

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ**

1 (*241) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടില്ലാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആയത് അടിയന്തരമായി നടപ്പിലാക്കുമോയെന്ന് അറിയിക്കുമോ;

(സി) വിനോദസഞ്ചാര മേഖലകളിലെ മാലിന്യനിക്ഷേപവും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും തടയുന്നതിന് സ്ഥിരം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളതും അജൈവ മാലിന്യങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ നീക്കം ചെയ്യുകയുമാണ് ചെയ്യുന്നത്. കൂടാതെ, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയായ " ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പെയിൻ" 14 ജില്ലകളിലായി നടപ്പിലാക്കിവരുന്നു. ഇതിനായി വകുപ്പിൽനിന്നും തുകയും അനുവദിച്ചുവരുന്നുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹരിത ചട്ടവും ശാസ്ത്രീയ മാലിന്യ സംസ്കരണവും ഉറപ്പാക്കുന്നതിനായി ടൂറിസം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്ന ഇടപെടലുകൾ ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്തെ ചെറുതും വലുതുമായ 503 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണം സംബന്ധിച്ച അവസ്ഥാ പഠനം നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സംയുക്ത യോഗം നടത്തി, തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കിവരികയും ചെയ്യുന്നു.

- മേല്പറഞ്ഞ യോഗ തീരുമാനപ്രകാരം വിനോദസഞ്ചാര വകുപ്പും ശുചിത്വ മിഷനും സംയുക്തമായി വിനോദസഞ്ചാര കേന്ദ്രങ്ങൾക്കായുള്ള ശുചിത്വ മാലിന്യ പ്രോട്ടോക്കോൾ ഇറക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

- ശുചിത്വ മാലിന്യ സംസ്കരണം സംബന്ധിച്ച രണ്ടാംഘട്ട അവസ്ഥാ പഠനം സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടന്നുവരുന്നു. നവകേരള മിഷന്റെ ഭാഗമായി ടൂറിസം വകുപ്പുമായി ചേർന്ന് ഹരിതകേരള മിഷനും ടൂറിസം മേഖലയിലെ മാലിന്യ സംസ്കരണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. മാലിന്യമുക്ത

കേരളം പദ്ധതിയുടെ ഭാഗമായി ഹരിത കേരള മിഷൻ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ 431 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് ഡെസ്റ്റിനേഷനുകളിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും ഹരിത ചട്ടം പാലിച്ച് ആയതിൻപ്രകാരമുള്ള ശുചിത്വവും വൃത്തിയും ഉണ്ടാക്കിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഹരിത ചട്ടം പാലിക്കണമെന്നുള്ള നിർദേശം നിലവിലുണ്ട്.

(സി) വിനോദസഞ്ചാര മേഖലകളിലെ മാലിന്യ നിക്ഷേപവും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും തടയുന്നതിന് വിവിധ ടൂറിസം കേന്ദ്രങ്ങളിലായി നിരീക്ഷണം നടത്തുന്നതിനായി ടൂറിസം വകുപ്പ്, ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, എൽ.എസ്.ജി.ഡി. ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ സെക്യൂരിറ്റികളെ

നിയോഗിച്ചിട്ടുള്ളതും നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ടൂറിസം ക്ലബ്ബിന്റെ കൂടി സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗ്രീൻ ടൂറിസം സെന്ററുകളായി പ്രഖ്യാപിക്കപ്പെട്ട നിരവധി പ്രദേശങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഉദാഹരണമായി, ഗ്രീൻ സോൺ അല്ലെങ്കിൽ പ്ലാസ്റ്റിക് ഫ്രീ ഡെസ്റ്റിനേഷൻ എന്നാണ് മൂന്നാർ അറിയപ്പെടുന്നത്. പക്ഷേ, മൂന്നാറിന്റെ യഥാർത്ഥ സ്ഥിതിയെന്താണെന്ന് നമുക്കെല്ലാവർക്കുമറിയാം. മൂന്നാറിലേക്ക് പ്രവേശിക്കുമ്പോൾ 'വെൽകം ടു മൂന്നാർ' എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്ലാസ്റ്റിക് കൂമ്പാരങ്ങളാണ് ടൂറിസ്റ്റുകളെ അവിടേയ്ക്ക് സ്വാഗതം ചെയ്യുന്നത്. വൺ ടൈം യൂസ് ഓഫ് പ്ലാസ്റ്റിക് നിരോധിച്ചിട്ടുണ്ടെന്നാണ് സർക്കാർ പറയുന്നതെങ്കിലും കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ പരിശോധിച്ചാൽ അവിടെയൊക്കെ പ്ലാസ്റ്റിക് ബോട്ടിലുകളും പേപ്പറുകളും പ്ലേറ്റുകളുമാണ് കാണാൻ സാധിക്കുന്നത്. ടൂറിസം വകുപ്പിന് നിയമം നടപ്പിലാക്കാൻ അതോറിറ്റിയില്ലെന്ന കാര്യം

നമുക്കെല്ലാവർക്കുമറിയാം. അങ്ങനെയാണെങ്കിൽ ഇതൊക്കെ മോണിറ്റർ ചെയ്യുന്നത് ആരാണ്; ടൂറിസം സെന്ററുകളിലെ ഇത്തരം പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടൽ നടത്താൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിനുള്ള വിശദമായ മറുപടി മേശപ്പുറത്തുവച്ചിട്ടുണ്ട്. ഗ്രീൻ പ്രോട്ടോക്കോൾ എന്നത് സുസ്ഥിര വികസനത്തിലേക്കുള്ള പ്രധാനപ്പെട്ട ചുവടുവയ്പായതുകൊണ്ടുതന്നെ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് വലിയ പ്രാധാന്യമാണ് സർക്കാർ നൽകിവരുന്നത്. പ്ലാസ്റ്റിക് ഉപയോഗം കുറച്ചുവന്ന് ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുകയെന്ന ലക്ഷ്യം നടപ്പിലാക്കാൻ എല്ലാ വകുപ്പും യോജിച്ചുകൊണ്ടുള്ള ശ്രമമാണ് നടത്തുന്നത്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ടൂറിസം വകുപ്പുമായി സഹകരിച്ച് നടത്തുന്ന ഹരിത ടൂറിസം പദ്ധതിയിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുവാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്ലാസ്റ്റിക് ബോട്ടിലും മറ്റു പ്ലാസ്റ്റിക് വസ്തുക്കളും ഉപയോഗിച്ച് ആകർഷകമായ രീതിയിൽ 'വേസ്റ്റ് ടു ആർട്ട്' എന്ന പേരിൽ ഇൻസ്റ്റലേഷനുകൾ നിർമ്മിക്കുന്നുണ്ട്. ടൂറിസം ക്ലബ്ബുകളെക്കൂടി ഇതിന്റെ ഭാഗമാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിവരുന്നത്. ടൂറിസം

കേന്ദ്രങ്ങളിൽ എത്തുന്നവരിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കാനുള്ള തീരുമാനങ്ങളും ഇടപെടലുകളും നടത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്, ഡി.ടി.പി.സി. (District Tourism Promotion Councils), പോർട്ട്, ഫോറസ്റ്റ് തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പലയിടങ്ങളിലും ഇതിനായുള്ള ഇടപെടൽ നടത്തുന്നുണ്ട്. ഇതിനുപുറമേ ഡി.എം.സി. (ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി) രൂപീകരിച്ച് എം.എൽ.എ.-മാർക്ക് അതിന്റെ പ്രധാന ചുമതല നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്താനും കൃത്യമായ ഏകോപനത്തോടെ മുന്നോട്ടുപോകാനുമാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്ലാസ്റ്റിക് വേസ്റ്റ് പ്രോസസ്സ് ചെയ്യുന്നതിന് കാസർഗോഡ് ജില്ലയിലെ പള്ളിക്കര പഞ്ചായത്തിലെ ബേക്കലിൽ പ്രവർത്തിച്ചിരുന്ന ഫാക്ടറിയുടെ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്. ടി സ്ഥാപനത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് ബേക്കൽ ടൂറിസത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താവായ BRDC (Bekal Resorts Development Corporation)-യെക്കൊണ്ട് മുൻകൈയെടുപ്പിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അക്കാര്യം പരിശോധിച്ച്

സാധ്യമാകുന്ന കാര്യങ്ങൾ ചെയ്യാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ആദ്യമായി വിനോദസഞ്ചാര മേഖലയിലെ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ലോകസഞ്ചാരികൾ ആശ്രയിക്കുന്നൊരു മാഗസിനാണ് Fodor' s Travel magazine. ടി മാഗസിനിൽ കേരളത്തെ Fodor' s No list 2025-ൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇതിലൂടെ കേരളത്തിനുണ്ടാകുന്ന നെഗറ്റീവ് ഇമേജ് മറികടക്കാനുള്ള ശ്രമം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് കരുതുകയാണ്. കോട്ടക്കൽ കേന്ദ്രീകരിച്ച് ആര്യവൈദ്യശാലയും കാടാമ്പുഴ ക്ഷേത്രവും മൂന്നാക്കൽ പള്ളിയും നിളയോരവുമുണ്ട്. മലബാറിലും മലപ്പുറത്തുമൊക്കെയായി ഇതുപോലെ പ്രകൃതിരമണീയവും ആരോഗ്യപരവുമായ ഒട്ടേറെ കേന്ദ്രങ്ങളുണ്ട്. ഗ്രാമീണ പ്രദേശങ്ങളടക്കം ഉൾക്കൊള്ളാവുന്ന തരത്തിൽ ടി കേന്ദ്രങ്ങളെ ക്ലസ്റ്റർ രൂപത്തിൽ ക്രോഡീകരിച്ച് ഒരു ഇക്കോ ഹെൽത്ത് പിൽഗ്രിമേജ് ടൂറിസം ഉപയോഗപ്പെടുത്താനുള്ള ശ്രമം നടത്താൻ ടൂറിസം വകുപ്പിന് കഴിയുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ആദ്യം

പറഞ്ഞ കാര്യത്തെക്കുറിച്ച് വ്യക്തമായില്ല. Fodor' s No list-ൽ ഉൾപ്പെടുത്തിയെന്നത് കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രത്തെ മൊത്തത്തിലാണോ അതോ മറ്റെന്തെങ്കിലുമാണോയെന്ന കാര്യത്തിൽ വ്യക്തതയില്ല. പൊതുവിൽ അന്താരാഷ്ട്രതലത്തിൽ മികവുറ്റ ടൂറിസ്റ്റ് സാധ്യതയുള്ള സംസ്ഥാനമായാണ് കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ വിലയിരുത്തപ്പെടുന്നത്. നിരവധി അംഗീകാരങ്ങളും പുരസ്കാരങ്ങളും കേരളത്തിന് ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പ്ലാസ്റ്റിക് മാലിന്യവും അതിന്റെ ഭാഗമായുള്ള മറ്റ് പ്രശ്നങ്ങളും പരിഹരിക്കാൻ നാം കൂട്ടായി ഇടപെടേണ്ടതാണ്. എല്ലാ വകുപ്പുകളും സംയുക്തമായി നടത്തിയ ശ്രമത്തിന്റെ ഫലമായി ഇപ്പോൾ വലിയ നിലയിൽ അതിന്റെ അളവ് കുറഞ്ഞുവന്നിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകാം. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുൾപ്പെടുത്തി ഒരു സർക്യൂട്ട് എന്ന ആശയം സാധ്യമാക്കാനാകുമോയെന്ന് പരിശോധിക്കാം. പൊതുവിൽ ഓരോ നിയമസഭാ മണ്ഡലങ്ങളിലും വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ പരിപാലിക്കാനും മറ്റുമായി ഡി.ടി.പി.സി.-യുമായി ചേർന്ന് എം.എൽ.എ.-മാരുടെ നേതൃത്വത്തിലുള്ളൊരു സംവിധാനം സാധ്യമാക്കുന്ന കാര്യവും

പരിശോധിക്കാവുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ ലോകസഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിലുള്ള വളരെ പ്രധാനപ്പെട്ട നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. അജൈവ മാലിന്യങ്ങൾക്കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കാൾ ഗുരുതരമായി വിധത്തിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന ആളുകളുടെ നിർബാധമുള്ള സഞ്ചാരം വർധിക്കുകയാണ്. അടുത്തകാലത്തായി വിദേശ വനിതയെപ്പോലും ആക്രമിച്ച സംഭവം കേരളത്തിലുണ്ടായി. ഇത്തരം ആളുകളുടെ പേക്കൂത്ത് നിയന്ത്രിക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കാൻ കഴിയുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇന്ത്യയിൽ വളരെ ശാന്തമായി ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആസ്വദിക്കാനും മറ്റ് തെറ്റായ പ്രവണതകളില്ലാതെ നിർഭയമായി പോകാനും സാധിക്കുന്നൊരു സംസ്ഥാനമുണ്ടെന്നും അത് കേരളമാണെന്നും പല പഠനങ്ങളും തെളിയിക്കുന്നത്. ഇത് പൊതുവിലുള്ളൊരു വിലയിരുത്തലാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. അങ്ങ് വളരെ ആത്മാർഥമായാണ്

ഇക്കാര്യം പറഞ്ഞതെന്ന് ഞാൻ കരുതുന്നു. എന്നാൽ വളരെ തെറ്റായ രീതിയിൽ ഇത്തരം കാര്യങ്ങൾ പ്രചരിപ്പിക്കുന്ന ചിലരുമുണ്ട്. അതായത്, കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളൊക്കെ ആകെ കുഴപ്പമാണെന്നും കേരളമാകെ കുഴപ്പമാണെന്നും കേരളം മദ്യത്തിന്റെയും ലഹരിയുടെയും പിടിയിലാണെന്നുമൊക്കെ പ്രചരിപ്പിക്കുന്ന ചില സാമൂഹ്യദ്രോഹികൾക്ക് സമാനമായ മനസ്സുള്ള ചിലർ നമ്മുടെ നാട്ടിൽ ജീവിക്കുന്നുണ്ട്. അങ്ങ് എന്തായാലും അതിലില്ലെന്ന് എനിക്ക് ഉറപ്പാണ്. ആ നിലയിലുള്ള പ്രചാരണത്തോട് യാതൊരു തരത്തിലും യോജിക്കാൻ സാധിക്കില്ല. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങളുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. എന്നാൽ പൊതുവേ കേരളം ഇങ്ങനെയാണെന്നും കേരളം ആകെ കുഴപ്പമാണെന്നും വരുത്തിത്തീർക്കാനുള്ള ശ്രമത്തോട് ഒരു തരത്തിലും യോജിക്കാൻ പറ്റുന്നതല്ല.

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഗ്രീൻ പ്രോട്ടോക്കോൾ എന്നതാണ് ഇവിടത്തെ വിഷയം. കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലുള്ള മാലിന്യക്കൂമ്പാരവും അതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളൊക്കെ ടൂറിസം

വികാസത്തിന് തടസ്സം തന്നെയാണ്. ഭക്ഷണ മാലിന്യങ്ങൾ, അതിനായി ഉപയോഗിക്കുന്ന പ്ലേറ്റ്, ഗ്ലാസ്, കുപ്പി ഇവയെല്ലാമാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കുമിഞ്ഞുകൂടുന്നത്. ഇക്കാര്യത്തിൽ പ്രകൃതിജന്യമായ വസ്തുക്കൾക്കൊണ്ട് ഉണ്ടാക്കുന്ന, ഉദാഹരണമായി, കമുകിൻ പാള കൊണ്ടുണ്ടാക്കുന്ന പ്ലേറ്റുകൾ, മുള-ചിരട്ട എന്നി ഉപയോഗിച്ചുണ്ടാക്കുന്ന ഗ്ലാസുകൾ എന്നിവ ഉപയോഗിക്കാൻ സാധിക്കുന്നതാണ്. എന്റെ നിയോജക മണ്ഡലത്തിലെ അട്ടപ്പാടിയിലൊരു ഫാമിംഗ് സൊസൈറ്റി ഇത്തരത്തിലുള്ള പ്രകൃതിജന്യമായ വസ്തുക്കൾ വ്യാപകമായി നിർമ്മിച്ച് അവ ഒരുമിച്ച് ഒരു കേന്ദ്രത്തിൽ കൊണ്ടുവന്ന് വില്പന നടത്തുന്നുണ്ട്. ഇങ്ങനെയുള്ള സംഘടനകളെ ഉപയോഗപ്പെടുത്തി നമ്മുടെ ടൂറിസ്റ്റ് കേന്ദ്രത്തിൽ ഇല, പാള, ചിരട്ട, മുള തുടങ്ങിയ പ്രകൃതിജന്യമായ വസ്തുക്കൾകൊണ്ടുണ്ടാക്കി വിതരണം ചെയ്യുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ നല്ലൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ഇത്തരമൊരു ശ്രമം ആരംഭിച്ചിട്ടുണ്ട്. അത് ഇനിയും വിപുലപ്പെടുത്താം. അങ്ങ് പറഞ്ഞ ഈ വിഷയത്തിന്മേൽ

യോജിപ്പിക്കാവുന്നവരെയൊക്കെ യോജിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാവുന്നതും സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യാവുന്നതുമാണ്. ഇതുമായി എങ്ങനെ മുന്നോട്ടുപോകാമെന്ന സംയുക്തമായി ചർച്ച ചെയ്യുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പശ്ചിമഘട്ട മലനിരകളിലെ മനോഹാരിതയും ഇടനാട്ടിലെ വയലേലകളും മറ്റ് കൃഷിയിടങ്ങളും തീരദേശത്തിലെ കടലോരവും കായലോരവും കാണാൻ വരുന്ന ടൂറിസ്റ്റുകളുടെ പറുദീസയാണ് കേരളം. ഇത്തരം പരിസ്ഥിതി സാഹചര്യം കേരളത്തിൽ രൂപപ്പെട്ടതിലും നിലനിർത്തുന്നതിലും കാലാവസ്ഥയ്ക്ക് അതീവ പ്രാധാന്യമാണുള്ളത്. ആ കാലാവസ്ഥയിൽ രൂപപ്പെട്ടുവരുന്ന ഭീതിജനകമായ വ്യതിയാനത്തെ നേരിടാൻ ടൂറിസം മേഖലയിൽ ഏത് നിലയിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ആലോചിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കാലാവസ്ഥാ വ്യതിയാനമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് ഡിസൈൻ ചെയ്ത നിർമ്മാണമെന്നതാണ് ഡിസൈൻ പോളിസി മുന്നോട്ടുവയ്ക്കുന്ന നിലപാട്. ഒരു സ്വിച്ചിട്ടപ്പോൾ ബൾബ് കത്തുന്നതുപോലെ കേരളത്തിൽ പെട്ടെന്ന് വന്നതല്ല

ഡിസൈൻ പോളിസി. രണ്ടു വർഷം മുമ്പ് അതിന്റെ ശില്പശാല തിരുവനന്തപുരത്തുവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. രണ്ടു ദിവസം നീണ്ട ആ ശില്പശാലയിൽ നമ്മുടെ രാജ്യത്തെ വിവിധ മേഖലകളിൽനിന്നുമുള്ള വിദഗ്ധർ വിവിധ സെഷൻസിൽ പങ്കെടുത്ത് ചർച്ച നടത്തി. ആ ചർച്ചയ്ക്കുശേഷം വകുപ്പുകളുമായി ഇക്കാര്യം ചർച്ചചെയ്താണ് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ടൂറിസം-പൊതുമരാമത്ത് മേഖലയിൽ ഡിസൈൻ പോളിസി എന്നൊരു ആശയം കേരളത്തിൽ കൊണ്ടുവന്നത്. അതിന്റെ ഭാഗമായി പരിസ്ഥിതി സൗഹാർദ്ദമായുള്ള നിർമ്മാണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതോടൊപ്പം നെറ്റ് സീറോ ഡെസ്റ്റിനേഷൻ എന്ന പദ്ധതി ആവിഷ്കരിക്കുന്നതിനെകുറിച്ച് വകുപ്പ് ആലോചിക്കുന്നുണ്ട്. ഗ്രീൻ എനർജി പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കുക, മിയാവാക്കി വനവൽക്കരണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വളരെ നല്ല നിലയിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കി മുന്നോട്ടുപോകാവുന്നതാണ്.

നേരത്തെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച No List-ന്റെ

കാര്യത്തെക്കുറിച്ച് ഇപ്പോഴാണ് വ്യക്തത വന്നത്. ഓവർ ക്രൗഡിന്റെ ഭാഗമായി കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ No List-ൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. ഓവർ ക്രൗഡ് ടൂറിസത്തെ പ്രശ്നമായി ബാധിക്കുന്ന നിലയിലേക്ക് വരുന്നുണ്ട്. അത് മുൻകൂട്ടി കണ്ടുകൊണ്ടാണ് ഒരു ഇടപെടൽ എന്ന നിലയിൽ ഡെസ്റ്റിനേഷൻ ചാലഞ്ച് ഉൾപ്പെടെ പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ രൂപീകരിച്ച് അതിനെ മറികടക്കാനുള്ള ശ്രമവും നടത്തിവരുന്നത്.

കാലാവസ്ഥാ വ്യതിയാനം മറികടക്കുന്നതിന് ടൂറിസം മേഖലയിൽ സാധ്യമാകുന്ന ഇടപെടലുകൾ സംയുക്തമായ ചർച്ചയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരികയാണ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, പുഴയോരം ടൂറിസം പദ്ധതിയുടെ ഭാഗമായി മാലിന്യമുക്ത നിലയിലേയ്ക്ക് അകലാപ്പുഴയിലെ ഒരു തുരുത്തിൽ കല്ലോ സിമന്റോ പോലുള്ള യാതൊരു നിർമ്മാണ സാമഗ്രികളും ഉപയോഗിക്കാതെ തികച്ചും ഓർഗാനികായി നിർമ്മിച്ചിട്ടുള്ളതും സഞ്ചാരികളെ ഏറെ ആകർഷിക്കുന്നതുമായ ഒരു ഫുഡ്കോർട്ടും പാർക്കുമടങ്ങുന്നൊരു സംരംഭമുണ്ട്. എന്നാൽ CRZ (Coastal Regulation

Zones)-യുടെ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ലൈസൻസ് ലഭിക്കാത്ത ഇത്തരം സ്ഥാപനങ്ങൾക്ക് താൽക്കാലിക ലൈസൻസെങ്കിലും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അകലാപ്പുഴ മനോഹരമായ ടൂറിസ്റ്റ് കേന്ദ്രമാണ്. അകലാപ്പുഴയെ വികസിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള എല്ലാശ്രമവും ബഹുമാനപ്പെട്ട അംഗത്തിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അതിനുസാധ്യമാകുന്ന പിന്തുണ ടൂറിസം വകുപ്പ് നൽകുന്നതാണ്. പൊതുവിൽ പരിസ്ഥിതി സൗഹാർദ്ദമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. നിർമ്മാണസാമഗ്രികളുൾപ്പെടെ പരിസ്ഥിതി സൗഹാർദ്ദമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിനായി പ്രീഫാബ് സ്ട്രക്ച്ചറുകൾ, സ്റ്റീൽ സ്ട്രക്ച്ചറുകൾ തുടങ്ങിയവ കൂടുതൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇവിടെ പരാമർശിച്ച് പ്രത്യേക വിഷയം എങ്ങനെ പരിഹരിക്കാമെന്നത് സംബന്ധിച്ച് പരിശോധിക്കാമെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആഭ്യന്തര ടൂറിസ്റ്റുകളും വിദേശ ടൂറിസ്റ്റുകളും നമ്മുടെ നാട്ടിലേയ്ക്ക് വരുന്നുണ്ട്. ഇങ്ങനെ വരുന്ന ടൂറിസ്റ്റുകൾക്ക്

വന്നുചേരുന്ന സ്ഥലത്തുനിന്ന് പ്രാദേശികമായ ഏതെങ്കിലും സാധനങ്ങളോ കാഴ്ചവസ്തുക്കളോ വാങ്ങണമെന്ന് ആഗ്രഹിച്ചാൽ അങ്ങനെയുള്ളവ സാധാരണഗതിയിൽ ലഭിക്കാറില്ല. അത് ലഭിക്കത്തക്ക വിധത്തിലുള്ള നടപടികൾ സ്വീകരിക്കുമോ; അതിന്റെ ക്വാളിറ്റിയെയും ക്രെഡിബിലിറ്റിയെയും സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകുന്നുവെന്നൊരു നിലയുണ്ടായാൽ ടൂറിസ്റ്റുകൾക്ക് അത് വലിയ സഹായകരമാകുമെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ; അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടികാണിച്ചത്. നമ്മൾ ഇപ്പോൾ പല വിദേശ രാജ്യങ്ങളിൽ പോയാൽ അവിടത്തെ സുവനീറോ അവിടത്തെ പ്രത്യേകതയോടുകൂടിയ ഒരു കീചെയിനോ അല്ലെങ്കിൽ മറ്റെന്തെങ്കിലും വസ്തുക്കളോ വാങ്ങുന്നൊരു ശീലമുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് നേരത്തെ ചർച്ച ചെയ്തതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ യൂണിറ്റുകളിൽ വലിയൊരു ശതമാനവും സ്ത്രീകളാണ്. അത്തരം യൂണിറ്റുകൾ ഇത്തരം സാധനങ്ങൾ ഉൽപാദിപ്പിക്കുന്ന

രീതി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. പല ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഇതേ രീതി വികസിപ്പിച്ചുവരികയുമാണ്. ഉദാഹരണത്തിന്, എക്സ് എന്നൊരു ടൂറിസ്റ്റ് കേന്ദ്രത്തിൽ സന്ദർശിക്കുമ്പോൾ ആ കേന്ദ്രത്തിന്റെ ചരിത്രപരമായ പ്രത്യേകതകൾകൂടി സംയോജിപ്പിച്ചുകൊണ്ടുള്ള സുവനീറുകൾ ഇപ്പോൾ നിർമ്മിക്കുന്നുണ്ട്. കൂടുതലായി ഇത്തരം പ്രവർത്തനങ്ങൾ വികസിപ്പിക്കാവുന്നതാണ്. വളരെ നല്ലൊരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ചിരിക്കുന്നത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കോവിഡിനുശേഷം കേരളത്തിൽ വിദേശികളും ആഭ്യന്തര ടൂറിസ്റ്റുകളും വൻതോതിൽ വർധിക്കുകയാണ്. മൈക്രോ ലെവൽ പ്ലാസ്റ്റിക്കിന്റെ കണികകൾ തലച്ചോറിലേയ്ക്കും എത്തിയെന്ന് ഹാർവാർഡ് സർവകലാശാലയിൽനിന്ന് ഒരു വിദേശപഠനം വന്നിരിക്കുകയാണ്. കുസാറ്റ് സർവകലാശാലയുടെ പഠനത്തിന്റെ ഭാഗമായി മൈക്രോ ലെവൽ പ്ലാസ്റ്റിക്കിന്റെ കണിക വേമ്പനാട് കായലിലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മലയാളികളാണ് വളരെ അശ്രദ്ധയോടുകൂടി പ്ലാസ്റ്റിക്ക് ഉപയോഗിച്ച് വലിച്ചെറിയുന്നത്. വിദേശികൾ ഇതിനോട് വളരെ ജാഗ്രത പുലർത്തുന്നുണ്ട്. കുസാറ്റ് സർവകലാശാലയിലും

ഹാർവാർഡ് സർവകാലശാലയിലും ഇങ്ങനെയൊരു പഠനം വന്ന സാഹചര്യത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗത്തിന്റെ ഭാഗമായി അതിനൊരു ശക്തമായ നിയന്ത്രണം വരേണ്ടതുണ്ട്. കല്യാണ വീടുകളിൽ പ്ലാസ്റ്റിക്ക് വെള്ളക്കുപ്പികൾ ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ തീരുമാനിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി സൂചിപ്പിച്ചിട്ടുണ്ട്. അതിന്റെഭാഗമായി ഇത്തരം മേഖലകളിൽ പകരം സംവിധാനം സൃഷ്ടിക്കുന്നൊരു ബൃഹത്തായ പദ്ധതി ആവിഷ്ക്കരിക്കുമോ; വിശദമാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട വിഷയം നേരത്തെ സൂചിപ്പിച്ചതിനാൽ ആവർത്തിക്കുന്നില്ല. എല്ലാനിലയിലും ഇതിനെതിരായ ബോധവൽക്കരണവും സർക്കാർ പരിപാടികളിൽ കർശനമായ നിയന്ത്രണവും വരുത്തുന്നതിനോടൊപ്പംതന്നെ ഒരു ബദലെന്ന നിലയിൽ എന്ത് ചെയ്യാമെന്നതിനെക്കുറിച്ച് പരിശോധിച്ച് ഉത്തരവാദിത്ത ടൂറിസം മിഷനെയും ഓരോ പ്രദേശത്തെയും ജനങ്ങളെ അണിനിരത്തികൊണ്ടുള്ള പദ്ധതികളും ഉൽപന്നങ്ങളും കൊണ്ടുവരാനുള്ള ഇടപെടലാണ് ഇപ്പോൾ ടൂറിസം വകുപ്പ് നടത്തികൊണ്ടിരിക്കുന്നത്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ഹൃദയഹാരിയായ പ്രകൃതിഭംഗിയുള്ള ഇടങ്ങളിലും ദൃശ്യചാരുതയുള്ള സ്ഥലങ്ങളിലും ആളുകൾക്കിരുന്ന് ജോലി ചെയ്യാൻ കഴിയുന്ന 'വർക്ക് സ്റ്റേഷൻ' എന്ന സാധ്യത ഉപയോഗപ്പെടുത്തി ഏറെ ഭംഗിയുള്ള റാന്നിയിലെ പെരുന്തേനരുവി ഉൾപ്പെടെയുള്ള ശാന്തമായ പുഴയോരങ്ങളിൽ ടൂറിസം സ്റ്റാർട്ടപ്പ് കോഴ്സ് ആരംഭിക്കാൻ നൂതനാശയങ്ങൾ നടപ്പിലാക്കുന്ന മന്ത്രി എന്ന നിലയിൽ അങ്ങ് മുൻകൈയെടുക്കുമോ; വിശദമാക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, നിലവിൽ ടൂറിസം വകുപ്പ് സ്റ്റാർട്ടപ്പ് മിഷനുമായി കൈകോർത്തുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിൽ ചില പദ്ധതികൾ മുന്നോട്ടുവരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രത്യേക ടൂറിസ്റ്റ് കേന്ദ്രത്തിന്റെ കാര്യം പരിശോധിക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. അതിന് മുൻകൈയെടുക്കുന്നുണ്ട്. നമുക്കത് എങ്ങനെ യഥാർത്ഥ്യമാക്കാമെന്ന് ഒരുമിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാമെന്ന് സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, നാടിന്റെ ജീവിതം അടുത്ത് കാണുകയെന്ന ലക്ഷ്യത്തോടെയാണ് വിദേശസഞ്ചാരികൾ

താമസിക്കുന്നതിന് ഹോം സ്റ്റേകൾ തിരഞ്ഞെടുക്കുന്നത്. കുടുംബത്തോടൊപ്പം കഴിയാനുള്ള അവസരം ഹോംസ്റ്റേയിലൂടെ സൃഷ്ടിക്കുകയാണ്. എന്നാൽ, ബജറ്റിലെ പുതിയ നിർദേശമനുസരിച്ച് സർക്കാർ മുന്നോട്ടുവയ്ക്കുന്ന കെ-ഹോമുകളിൽ കുടുംബങ്ങളിലുണ്ടാകില്ല. കുടുംബങ്ങൾ താമസിക്കാത്ത വീടുകൾ ഇത്തരം ആവശ്യങ്ങൾക്ക് നൽകുമ്പോൾ സർവീസ് വില്ല എന്നാണ് അറിയപ്പെടുന്നത്. അങ്ങനെവരുമ്പോൾ ഹോംസ്റ്റേ എന്ന ബോർഡുകൾ വയ്ക്കാനും സർക്കാർ വിലക്കുണ്ട്. കുടുംബം താമസിക്കാത്ത വീടുകൾ കെ-ഹോം എന്ന പേരിട്ട് വിനോദസഞ്ചാരികളുടെ മുന്നിൽ അവതരിപ്പിക്കുന്നത് അതിഥികൾക്ക് തെറ്റിധാരണയുണ്ടാക്കുമെന്നും നിലവിലുള്ള ഹോംസ്റ്റേകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നും ഹോംസ്റ്റേ നടത്തുന്നവർ പരാതിപ്പെടുന്നുണ്ട്. ഇത് പരിഹരിക്കാൻ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഹോംസ്റ്റേകളെ പ്രോത്സാഹിപ്പിക്കാൻ സാധ്യമാകുന്ന കാര്യങ്ങളൊക്കെ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. ഇപ്പോൾ പുതിയ പദ്ധതി പ്രകാരം നിലവിൽ ഹോംസ്റ്റേ നടത്തുന്നവർക്ക് ഒരുതലത്തിലും തടസ്സമുള്ളതല്ലെന്ന് മാത്രമല്ല,

അത് അവർക്ക് കൂടുതൽ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള സാധ്യതകളാണുള്ളത്. അക്കാര്യം അതേ നിലയിൽ തന്നെ പരിശോധിക്കാം. ആർക്കെങ്കിലും തെറ്റിധാരണാജനകമായ തോന്നലുണ്ടായിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച് ചർച്ച ചെയ്ത് പരിഹരിച്ച് മുന്നോട്ടുപോകാം.

## ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്

2(*242) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയപ്രകാരം
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിലെ പദ്ധതികൾ പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പദ്ധതികൾ തടസ്സമില്ലാതെ ആരംഭിക്കാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ട്രാവൽ, ഹോസ്പിറ്റാലിറ്റി മേഖലകൾ നവീകരിക്കുന്നതിനുതകുന്ന പദ്ധതികൾക്ക് നിക്ഷേപം സമാഹരിക്കാൻ എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) 2023 നവംബർ 16-ന് വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിച്ച ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി സർക്കാരിന്റെ കൈവശമുള്ള ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവിധ സ്റ്റാർട്ടപ്പ് പദ്ധതികളും അവതരിപ്പിക്കപ്പെട്ടിരുന്നു.

സർക്കാർ പദ്ധതികളിൽ ബേക്കൽ റിസോർട്ട് & കൺവെൻഷൻ സെന്റർ/എന്റർടെയിൻമെന്റ് സെന്റർ പദ്ധതി, ബേക്കൽ ചെമ്പരിക്കയിലെ ഫൈവ് സ്റ്റാർ റിസോർട്ട് പദ്ധതി, പള്ളിക്കരയിലെ ബേക്കൽ ടൂറിസം സെന്റർ എന്നിങ്ങനെ മൂന്ന് പദ്ധതികൾക്ക് നിക്ഷേപകരെ കണ്ടെത്തുകയും പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വകാര്യ നിക്ഷേപകർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബേക്കൽ ചെമ്പരിക്കയിലെ ഫൈവ് സ്റ്റാർ റിസോർട്ട് പദ്ധതി 250 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന

പദ്ധതിയാണ്. ആദ്യഘട്ടത്തിൽ 150 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുമെന്ന വാഗ്ദാനമാണ് ലഭിച്ചിട്ടുള്ളത്. ബേക്കൽ ടൂറിസം വില്ലേജ് പദ്ധതിയിൽ 150 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. ബേക്കൽ ടൂറിസം സെന്റർ പദ്ധതിയിൽ 30 കോടി രൂപയുടെ നിക്ഷേപവും പ്രതീക്ഷിക്കുന്നു.

ഇതുകൂടാതെ, ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ, ആലപ്പുഴ മുഹമ്മയിലെ ലക്ഷ്വറി റിസോർട്ട് പദ്ധതി, കണ്ണൂർ വിമാനത്താവളത്തിന് സമീപത്തെ ലക്ഷ്വറി ഹോട്ടൽ പദ്ധതി എന്നിങ്ങനെ രണ്ട് പദ്ധതികൾക്കായി വിനോദസഞ്ചാര വകുപ്പ് താമര ലെഷർ എക്സ്പീരിയൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 250 കോടി രൂപയുടെ ധാരണാപത്രവും ഒപ്പുവച്ചിരുന്നു. ഈ രണ്ട് പദ്ധതികളുടെയും കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്.

(ബി) ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിംഗിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ ഫെസിലിറ്റേറ്ററി സപ്പോർട്ടാണ് ടൂറിസം വകുപ്പുവഴി നൽകി വരുന്നത്. ഇതിന്റെ ഭാഗമായി ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ ആരംഭിച്ചിട്ടുണ്ട്.

ഇതിനായി പ്രത്യേക ഓഫീസ് തുറന്നിട്ടുണ്ട്. ഇതുകൂടാതെ, വിവിധ പദ്ധതികൾ തയ്യാറാക്കൽ, അവലോകനം, സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള നടപടികൾ എന്നിവയ്ക്ക് ഒരു പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ആലപ്പുഴ ഹെറിറ്റേജ് റസ്റ്റോറന്റ് പദ്ധതി, ഉരു മോഡൽ ടൂറിസം പദ്ധതി എന്നിവയ്ക്കായി സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റുകൾ (EOI) ക്ഷണിച്ചിട്ടുണ്ട്. സർക്കാർ ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളിൽ ഭൂമിയുടെ സർവെ നടപടികൾ, മൂല്യനിർണ്ണയം മുതലായവ നടന്നുവരികയാണ്.

(സി) ഉണ്ട്, ടൂറിസം നിക്ഷേപക സംഗമത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട സ്വകാര്യ പദ്ധതികൾക്കുള്ള വിവിധ അനുമതികൾക്കായി കേരള സർക്കാരിനുകീഴിലുള്ള സംവിധാനമായ K-SWIFT പോർട്ടൽ വഴിയാണ് സൗകര്യമൊരുക്കുന്നത്.

(ഡി) ടൂറിസം നിക്ഷേപക സംഗമത്തിൽ ഒപ്പുവച്ച ആലപ്പുഴ മുഹമ്മയിലെ ലക്ഷ്വറി റിസോർട്ട് പദ്ധതി, കണ്ണൂർ വിമാനത്താവളത്തിന് സമീപത്തെ ലക്ഷ്വറി ഹോട്ടൽ പദ്ധതി എന്നിങ്ങനെ 250 കോടി രൂപയുടെ

പദ്ധതികൾ ഹോസ്പിറ്റാലിറ്റി മേഖലയിലുള്ള പദ്ധതികളാണ്.

കൂടാതെ, സർക്കാർ ഭൂമി ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളായ ബേക്കൽ റിസോർട്ട് & കൺവെൻഷൻ സെന്റർ/എന്റർടെയിൻമെന്റ് സെന്റർ പദ്ധതി, ബേക്കൽ ചെമ്പരിക്കയിലെ ഫൈവ് സ്റ്റാർ റിസോർട്ട് പദ്ധതി, പള്ളിക്കരയിലെ ബേക്കൽ ടൂറിസം സെന്റർ എന്നീ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വകാര്യ നിക്ഷേപകർ തയ്യാറാക്കിവരികയാണ്.

ഇതുകൂടാതെ കാരവൻ ടൂറിസം, ഹെലി ടൂറിസം, സ്പോർട്സ് ടൂറിസം, ക്രൂയിസ്/യാട്ട് ടൂറിസം, തുടങ്ങിയ മേഖലകളിലും ലെറ്റർ ഓഫ് ഇന്റെന്റുകൾ (LOI) ലഭ്യമായിട്ടുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, പൊതുസ്ഥലങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിലെ കൊല്ലം ആർ.ഒ.ബി.-യുടെ താഴ്വശം ഡിസൈൻ ചെയ്ത് മനോഹരമാക്കി മികച്ച ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്. ഇത്തരം പൊതുസ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് സി.എസ്.ആർ. ഫണ്ട്, സഹകരണ മേഖല, സ്വകാര്യ സംരംഭകർ, എന്നിവരെ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മികച്ച നിലയിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളാണിത്. വിനോദസഞ്ചാര വകുപ്പ് 2023 നവംബർ 16-ന് ഒരു ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു. പ്രസ്തുത മീറ്റ് ഫോളോഅപ്പ് നടത്തുന്നതിന്റെ ഭാഗമായി പല പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. തദവസരത്തിലാണ് ഇന്നത്തെ കാലത്ത് പൊതുയിടങ്ങൾ വർധിപ്പിക്കുകയെന്നത് നമുക്കെല്ലാപേർക്കും ചേർന്നുകൊണ്ട് ലഹരിക്കെതിരെയുള്ള പ്രതിരോധത്തിന്റെകൂടി ഭാഗമായി കാണേണ്ട ഒരു പൊളിറ്റിക്സുകൂടി അതിലുണ്ട്. ആ നിലയിൽ പൊതുയിടങ്ങളെ പരമാവധി ജനങ്ങൾക്ക് ഉപയോഗിക്കാൻ സാധ്യമാകുന്ന ഫെസിലേറ്ററുടെ റോൾ വഹിച്ചുകൊണ്ട് ഗവൺമെന്റ് ഇടപെടുകയെന്നുള്ളൊരു കാഴ്ചപ്പാടാണ് സ്വീകരിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി മറ്റ് വകുപ്പുകളുമായി ചേർന്നുകൊണ്ടുള്ള പദ്ധതികൾ ടൂറിസം വകുപ്പ് ആലോചിക്കുന്നു. അതിൽ ഏറ്റവും സാധ്യതയുള്ള പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ, റെയിൽവേ ഓവർബ്രിഡ്ജുകൾ എന്നിവയൊക്കെ പരിഗണനയിലുണ്ട്. പല പാലങ്ങളുടെയും അടിഭാഗം കാടുപിടിച്ചുകിടക്കുകയാണ്. ചില സ്ഥലങ്ങൾ അരാജകത്വ കേന്ദ്രങ്ങളായി മാറുന്നുവെന്ന സംശയവും നാട്ടുകാർ

സൂചിപ്പിക്കുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാട്ടിയ ടി ബ്രിഡ്ജ്, സി.പി.ഐ.(എം)-ന്റെ സംസ്ഥാന സമ്മേളനം വിജയകരമായി പൂർത്തീകരിച്ചു. ജനങ്ങൾ വലിയ പിന്തുണയാണ് ആ സമ്മേളനത്തിന് നൽകിയത്. ആ സമ്മേളനം നടന്നതിന്റെ തൊട്ടുമുമ്പിലാണ് പ്രസ്തുത പാലമുള്ളത്. കാടുപിടിച്ചുകിടന്ന ടി സ്ഥലം ഇപ്പോൾ എങ്ങനെയാണ് മാറിയതെന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വരുന്നവരും ട്രെയിനിൽ സഞ്ചരിക്കുന്നവരുമൊക്കെ നിരന്തരം കാണുന്നുണ്ട്. ജനങ്ങൾക്ക് നടക്കാനുള്ള വാക്ക്‌വേ, ഷട്ടിൽ ക്വാർട്ട്, വോളിബോൾ ക്വാർട്ട്, ഓപ്പൺ ജിംനേഷ്യം, കുട്ടികൾക്കുള്ള പാർക്ക്, വയോജനങ്ങൾക്ക് ഇരിക്കാനുള്ള സൗകര്യം, ചെസ് കളിക്കാനുള്ള സൗകര്യം തുടങ്ങിയ എല്ലാം അവിടെ ലഭ്യമാണ്. പാലങ്ങൾക്കടിയിലുള്ള ഇത്തരം സ്ഥലങ്ങൾ എങ്ങനെ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാമെന്ന് പൊതുവെ ഡിസൈൻ പോളിസിയുടെ ഭാഗമായി ചർച്ച ചെയ്തിരുന്നു. പൊതുമരാമത്ത് വകുപ്പിനുകീഴിലാണ് ഇതുൾപ്പെടുന്നതെന്ന് ഞാൻ അടിവരയിട്ട് സൂചിപ്പിക്കുകയാണ്. ബ്രിഡ്ജ് നാഷണൽ ഹൈവേയുടെ കീഴിലാണെന്നുള്ളത് പലരും ചോദിച്ചിരുന്നു എന്നാലത് അത്ര എളുപ്പമല്ല.

അതിന് ധാരാളം സമയമെടുക്കും. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 50 പാലങ്ങൾ ഇതിനുവേണ്ടി തയ്യാറാണ്. പക്ഷെ, ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇതുസംബന്ധിച്ച് സഹകരിക്കാൻ തയ്യാറല്ല. സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ ഇവരുമായി ചേർന്നുകൊണ്ട് പദ്ധതികളുമായി മുന്നോട്ടുവരാൻ തയ്യാറായാൽ ഇരുകൈയും നീട്ടി ടൂറിസം വകുപ്പും പൊതുമരാമത്ത് വകുപ്പും സ്വീകരിക്കുമെന്നുള്ളത് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് 6 എം.എൽ.എ.-മാർ ഇപ്പോൾതന്നെ കത്ത് നൽകിയിട്ടുണ്ട്. അത് ഫോളോഅപ്പ് ചെയ്യാനും അതിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകാനും പൊതുമരാമത്ത് വകുപ്പ് ഡി.റ്റി.പി.സി.-കളെ ഏൽപ്പിക്കുകയും ഡി.റ്റി.പി.സി.-കളുടെ നേതൃത്വത്തിലത് പരിശോധിക്കുകയും ചെയ്യുന്ന സംവിധാനമാണുള്ളത്. കൊല്ലത്ത് ഇപ്പോൾ കാണാൻ കഴിഞ്ഞത് രാത്രി പന്ത്രണ്ട് ഒരുമണിവരെ അവിടെ ആളുകൾ നിൽക്കുന്നുവെന്നുള്ളതാണ്. അത് വലിയ മാറ്റമാണ്. ഈ കാലഘട്ടത്തിൽ ആ മാറ്റം നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ഇനിയും നമുക്കത് തുടരാമെന്നും ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് അതിന് നേതൃത്വപരമായ പങ്ക് വഹിക്കണമെന്നും ഞാൻ

അഭ്യർഥിക്കുകയാണ്.

ശ്രീ. എം. നൗഷാദ്: സർ, ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി അവതരിപ്പിച്ചതല്ലാതെ മറ്റ് പദ്ധതികളിൽ നിക്ഷേപം ആകർഷിക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും അത്തരത്തിലുള്ള ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ തുടർച്ചയായുള്ള ഇൻവെസ്റ്റേഴ്സ് സെൽ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനാകുന്ന പദ്ധതികൾ തയ്യാറാക്കുകയാണ്. അത്തരം പദ്ധതികൾക്കുള്ള താൽപര്യപത്രം ക്ഷണിക്കാനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ മറ്റ് വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ വളരെ പോസിറ്റീവായുള്ള സമീപനമാണ് കാണാൻ സാധിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, പാലങ്ങൾക്ക് ചുവട്ടിൽ പൊതുയിടങ്ങളുണ്ടാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. എങ്ങനെയാണ് എം.എൽ.എ.-മാരുമായി അതിന് സഹവർത്തിത്വമുണ്ടാക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊതുമരാമത്ത് വകുപ്പിന്

ഉപയോഗിക്കാൻ സാധ്യമാകുന്ന തരത്തിൽ പാലങ്ങൾക്കടിയിൽ ഉപയോഗശൂന്യമായ സ്ഥലമുണ്ടെങ്കിൽ അത് പൊതുയിടങ്ങളാക്കി മാറ്റുന്നതിന് സ്പോൺസർ ചെയ്യാനും സഹകരിക്കാനും തയ്യാറുള്ള സഹകരണ സ്ഥാപനങ്ങളോ, സ്വകാര്യ സ്ഥാപനങ്ങളോ, വ്യക്തികളോ, മറ്റ് സൊസൈറ്റികളോ ഉണ്ടെങ്കിൽ അവരുമായി ബഹു. എം.എൽ.എ.-മാർ ചർച്ചചെയ്തു ശേഷം പ്രോപ്പോസൽ സമർപ്പിക്കുകയാണെങ്കിൽ ആ പ്രോപ്പോസൽ വളരെ പോസിറ്റീവായി അംഗീകരിച്ച് മുന്നോട്ടുപോകാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാണ്. ചിലയിടങ്ങളെ കംഫർട്ട് സ്റ്റേഷനുകളാക്കി മാറ്റാൻ സാധിക്കും. ദീർഘദൂര യാത്രക്കാർക്കും മറ്റുള്ളവർക്കും ബാത്ത്റൂം സൗകര്യങ്ങളും ഇരിക്കാനിടമില്ലാത്തതുമായ പ്രശ്നങ്ങളും ഉന്നയിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. പ്രമോദ് നാരായൺ ഇവിടെ ചൂണ്ടിക്കാട്ടിയ വർക്ക് സ്പെയ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അവ ഉപയോഗിക്കാം. ഇങ്ങനെ പല നിലയിലുള്ള ആവശ്യങ്ങൾക്ക് ടി സ്ഥലം ഉപയോഗിക്കാൻ സാധിക്കും. കേരളത്തിൽ ഒറ്റയടിക്ക് കുറെ കേന്ദ്രങ്ങളിൽ ടി പദ്ധതി നടപ്പിലാക്കായാൽ വളരെ പോസിറ്റീവായൊരു സമീപനമുണ്ടാകും. പല തരത്തിലുള്ള ആളുകളും

ഇത്തരത്തിലുള്ള ഒഴിഞ്ഞ സ്ഥലങ്ങളിലാണ് ഒത്തുകൂടുന്നത്. ചരിത്രപരമായ ഒട്ടേറെ പ്രത്യേകതകളുള്ള പാലമാണ് ഫറോക്ക് പാലം. രാജ്യത്തിന്റെ സ്വാതന്ത്ര്യസമരപോരാട്ടത്തിലും വലിയ പങ്കുവഹിച്ച ഇടമാണ്. ആ പാലത്തിന്റെ അടിയിൽ ഇതുപോലെ കേന്ദ്രം ഉണ്ടായപ്പോൾ ജനങ്ങൾ അവിടെ വലിയ പ്രക്ഷോഭമുണ്ടാക്കി. പോലീസും ജനങ്ങളും എക്സൈസുമൊക്കെ ചേർന്നുകൊണ്ട് അതിനെ മാറ്റാനുള്ള ശ്രമംനടത്തി. ഇന്ന് ആ പാലം ദീപാലംകൃതമാക്കിയിരിക്കുന്നു, ട്രെയിനിലൂടെയും മറ്റും സഞ്ചരിക്കുമ്പോൾ എല്ലാവർക്കും ആ കാഴ്ച കാണാൻ സാധിക്കും. പാലത്തിനടുത്ത് അടഞ്ഞുകിടന്നിരുന്ന ഒരു പാർക്ക്, 'വി-പാർക്ക്' എന്ന നിലയിൽ കൊണ്ടുവന്നു. ഇപ്പോൾ പഴയപോലുള്ള പ്രവണതയൊന്നും അവിടെയില്ല, പകരം അവിടെ നിന്ന് ആളുകൾ മാറിയിട്ടുണ്ട്. അതൊരു പ്രധാന സാംസ്കാരിക കേന്ദ്രമായി മാറിയെന്നതാണ് പ്രത്യേകത. ഇന്നത്തെ കാലഘട്ടത്തിലെ ഒരു പ്രധാന ഉത്തരവാദിത്തമെന്ന നിലയിൽ ഇത്തരം അരാജക പ്രവണതകൾക്ക് എതിരെയുള്ളൊരു ഫൈറ്റിന്റെ ഭാഗം കൂടിയായി പൊതുയിടങ്ങളുടെ എണ്ണം പരമാവധി വർധിപ്പിക്കുകയെന്നുള്ള കാഴ്ചപ്പാട് കൊണ്ടുവരാം. അതിന് എല്ലാ പിന്തുണയും ബഹുമാനപ്പെട്ട എം.എൽ.എ.-

മാർക്ക് പൊതുമരാമത്ത് വകുപ്പും ടൂറിസം വകുപ്പും നൽകുമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറ തിരുവനന്തപുരം ജില്ലയിലെ തന്നെ ശ്രദ്ധേയമായ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നാണ്. ശാസ്താംപാറയിൽ അഡ്വെഞ്ചർ ടൂറിസം അക്കാദമി പ്രഖ്യാപിക്കുകയും അതിന്റെ വിശദമായ പദ്ധതി തയ്യാറാകുകയും ആവശ്യമായ ഭൂമി കൈമാറുകയും ചെയ്തിട്ടുണ്ട്. അഡ്വെഞ്ചർ ടൂറിസം അക്കാദമി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഈ വിഷയം നിരവധി തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവിടെ അഡ്വെഞ്ചർ ടൂറിസം അക്കാദമി പി.പി.പി. മോഡൽ പദ്ധതിയായി നടപ്പിലാക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ ടൂറിസം സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി താൽപര്യ പത്രം ക്ഷണിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളും. വളരെ വേഗത്തിൽ തന്നെ ശാസ്താംപാറ

അഡ്വെഞ്ചർ ടൂറിസം പാർക്കും അക്കാദമിയും യാഥാർഥ്യമാക്കുവാനുള്ള ഇടപെടലുകൾ നടത്താമെന്നുള്ളത് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ സംരംഭകർ കൂടുതലായി നിക്ഷേപത്തിന് തയ്യാറായ ടൂറിസ്റ്റ് മേഖലയാണ് ബേക്കൽ. ബേക്കലിൽ നടന്ന ഒന്നും രണ്ടും ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവെല്ലുകൾ ടൂറിസ്റ്റുകളുടെയും നിക്ഷേപകരുടെയും എണ്ണത്തിൽ ഗണ്യമായ വർധനവ് വരുത്തിയിട്ടുണ്ട്. മൂന്ന് പഞ്ചനക്ഷത്ര ഹോട്ടലുകളുൾപ്പെടെ ടൂറിസം വികസനത്തിനാവശ്യമായ ഒട്ടേറെ സൗകര്യങ്ങൾ നിലവിലുള്ള ബേക്കലിൽ കൂടുതൽ ടൂറിസം പദ്ധതികൾ സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം തന്നെ ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവെല്ലിന്റെ മൂന്നാമത്തെ എഡിഷൻ നടത്തുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023-ൽ സംഘടിപ്പിച്ചതിന്റെ ഏറ്റവും വലിയ ഗുണഭോക്താവായി മാറിയത് ബേക്കലാണ്. ഇതിന്റെ ഫലമായി ബേക്കലിൽ നിരവധി പദ്ധതികളുടെ

വാഗ്ദാനങ്ങൾ വരികയും പലതും യാഥാർത്ഥ്യമാകുകയും ചെയ്തിട്ടുണ്ട്. ആ നിലയിൽ ബേക്കലിന്റെ സാധ്യത Bakel Resorts Development Corporation Limited (BRDC)-യുടെ നേതൃത്വത്തിൽ വളരെ മാതൃകാപരമായി ഇടപ്പെട്ട് മുന്നോട്ടുപോകുന്നുണ്ട്. ബേക്കൽ വളരെ പ്രധാനപ്പെട്ടൊരു ടൂറിസ്റ്റ് കേന്ദ്രമായി മാറുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയതുപോലെ മൂന്ന് ഫൈവ്സ്റ്റാർ ഹോട്ടൽ എന്നുള്ളത് മാത്രമല്ല പ്രത്യേകത, ഒരു പഞ്ചായത്തിലാണ് പ്രസ്തുത ഫൈവ്സ്റ്റാർ ഹോട്ടലുകൾ സ്ഥിതിചെയ്യുന്നത്. മൂന്നാമത്തെ ഫൈവ്സ്റ്റാർ ഹോട്ടലിന്റെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കുമ്പോൾ ആദ്യ രണ്ട് ഫൈവ്സ്റ്റാർ ഹോട്ടലുകളുടെ സ്ഥിതിയെക്കുറിച്ച് ഞാൻ അന്വേഷിച്ചിരുന്നു. ഒരു റൂമുപോലും ഒഴിവില്ലാത്ത നിലയിലുള്ള മാറ്റമാണുണ്ടായിരിക്കുന്നത്. സഞ്ചാരികൾ എന്നുപറയുമ്പോൾ എല്ലാവരും ഫൈവ്സ്റ്റാർ ഹോട്ടൽ സെലക്ട് ചെയ്യുന്നവരല്ലെന്ന് നമുക്കറിയാം. അവിടെ പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റ് ഹൗസുകളും ടൂറിസം ഗസ്റ്റ് ഹൗസുകളും ഹോം സ്റ്റേകളുമൊക്കെയുണ്ട്. ബേക്കലിൽ വലിയൊരു മാറ്റം ഇതിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. ഇപ്പോൾ വന്നിട്ടുള്ള നിക്ഷേപകരെ നല്ല നിലയിൽ പ്രോത്സാഹിപ്പിക്കാൻ സാധിക്കും.

ബേക്കൽ ഡെസ്റ്റിനേഷനിലെത്തുന്ന സ്വകാര്യസംരംഭകരെയും ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി എത്തിയിട്ടുള്ളവരെയും ഫെസിലിറ്റേറ്റ് ചെയ്യാനുള്ള ചുമതല ബി.ആർ.ഡി.സി.-യെ ഏൽപ്പിക്കുന്നതും പരിശോധിക്കാമെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോട് ചേർന്ന് കിടക്കുന്നതാണ് കേരളത്തിലെ ആദ്യത്തെ ടൂറിസം ഡെസ്റ്റിനേഷനായ കോവളം. കോവളത്തിന്റെ പ്രാധാന്യം അങ്ങ് തന്നെ പല തവണ ഇവിടെ പറഞ്ഞിട്ടുള്ളതുമാണ്. 'കേരളത്തെ അറിയാത്തവർ പോലും കോവളത്തെ അറിയുന്നു' എന്നുള്ള സ്റ്റേറ്റ്മെന്റ് വരെ അങ്ങ് നടത്തിയിട്ടുള്ളതാണ്. തുറമുഖം യാഥാർഥ്യമാകുന്ന പശ്ചാത്തലത്തിൽ കോവളം ടൂറിസത്തെ കൂടുതൽ സജീവമാക്കുന്നതിനുവേണ്ടി എന്തെങ്കിലും പഠനങ്ങൾ നടത്തി പുതിയ പദ്ധതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, 'കേരളത്തെ അറിയാത്തവർ പോലും കോവളത്തെ അറിയുന്നു' എന്ന് മാത്രമല്ല ഞാൻ പറഞ്ഞത്; ഇന്ത്യാ രാജ്യത്തേയ്ക്കുപോലും ടൂറിസ്റ്റുകൾ വരുന്നത് കോവളം സന്ദർശിക്കാനുദ്ദേശിച്ചുകൊണ്ടാണെന്നത് ഒരു വസ്തുതയാണ്. ഇവിടെ

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതുപോലെ കോവളത്തിനുവേണ്ടി കിഫ്ബിയുടെ ധനസഹായത്തോടുകൂടി ഒരു ബൃഹത് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അത് യാഥാർത്ഥ്യമാക്കണം. അതിനുവേണ്ടി കാലതാമസുണ്ടാകുന്നുവെന്നത് ഒരു വലിയ പ്രശ്നമാണ്. കിഫ്ബിയുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. എത്രയും വേഗത്തിൽ ടി പദ്ധതി യാഥാർത്ഥ്യമാക്കാൻ കൂട്ടായ ഇടപെടൽ നടത്തി മുന്നോട്ടുപോകാം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ബേക്കൽ ടൂറിസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബേക്കലിലെ നിലവിലെ അവസ്ഥയെക്കുറിച്ചും സൂചിപ്പിച്ചു. ബേക്കൽ ടൂറിസത്തിന്റെ ഭാഗമായി അജാനൂർ പഞ്ചായത്തിലെ പത്ത്, പതിമൂന്ന് ഏക്കറിലധികം സ്ഥലം വർഷങ്ങൾക്ക് മുമ്പ് ഏറ്റെടുക്കുകയുണ്ടായി. ഈ സർക്കാരിന്റെ കാലത്താണ് ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി ചിലർ അവിടേയ്ക്ക് കടന്നുവരാൻ തയ്യാറായത്. അവർ അവിടെ സംരംഭങ്ങൾ ആരംഭിക്കുമെന്ന് പറഞ്ഞെങ്കിലും മൂന്നുവർത്തിലധികമായി യാതൊരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല. അതുസംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അതുമായി ബന്ധപ്പെട്ട ചർച്ച പുരോഗമിക്കുകയാണ്. അവർ വലിയ നിലയിലുള്ള വാഗ്ദാനം നൽകിയിട്ടുണ്ട്. എന്നാൽ അതുസംബന്ധിച്ച് ചെറിയ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അത് പരിഹരിച്ച് മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് അത് സംബന്ധിച്ച് പറയാനുള്ളത്. ബേക്കൽ ബീച്ച് ഫെസ്റ്റിവെൽ-ന്റെ കാര്യം എടുത്തുപറയേണ്ടതാണ്. ടി പ്രദേശത്ത് വന്നിട്ടുള്ള പ്രധാന മാറ്റം കൂടിയാണ് ബേക്കൽ ഫെസ്റ്റ്. വളരെ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങളാണ് ബി.ആർ.ഡി.സി.-യുടെയും ബി.ആർ.ഡി.സി. എം.ഡി.-യുടെയും നേതൃത്വത്തിൽ നടത്തിവരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യും ബേക്കലുമായി ബന്ധപ്പെട്ട മറ്റ് മണ്ഡലങ്ങളിലുള്ളവരും യോജിച്ച് മുന്നോട്ടുപോയാൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി മാറിയ ബേക്കലിനെ ഇനിയും വികസിപ്പിക്കാനാവും.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, എന്റെ മണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭയുടെ നെയ്യാറിന്റെ ഭാഗമായിട്ടുള്ള ഈരാറ്റിൻപുരം, നെയ്യാർ രണ്ടായി പിരിഞ്ഞുപോകുന്ന മനോഹരമായിട്ടുള്ള പ്രകൃതി രമണീയമായ ഭൂപ്രദേശമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ ഏകദേശം

2.66 കോടി രൂപ ചെലവഴിച്ച് കുറെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചു. അനുബന്ധമായ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി വികസിപ്പിച്ചെടുക്കാൻ കഴിയുമെന്നു മാത്രമല്ല, അതിലൂടെ ഒട്ടനവധി തൊഴിൽ സാധ്യതകൾ വർധിപ്പിക്കാനും കഴിയും. ഇക്കാര്യത്തിൽ മിനിസ്റ്റർ പ്രത്യേകമായൊരു ഇടപെടൽ നടത്തി സഹായിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സാധ്യതയ്ക്കനുസരിച്ചുള്ള എല്ലാ ഇടപെടലുകളും നടത്താനുള്ള തീരുമാനങ്ങൾ ടൂറിസം വകുപ്പ് കൈക്കൊള്ളുമെന്ന് സഭയെ അറിയിക്കുന്നു.

## ലഹരിക്കെതിരെ ബോധവൽക്കരണം

3 (*243) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ലഹരിയുടെ ദൂഷ്യവശങ്ങളെയും അവ സമൂഹത്തിലുണ്ടാക്കുന്ന

ഗുരുതര പ്രത്യാഘാതങ്ങളെയും കുറിച്ച് വിദ്യാർഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ലഹരിയുടെ ദൂഷ്യവശങ്ങളും അവ സമൂഹത്തിലുണ്ടാക്കുന്ന ഗുരുതര പ്രത്യാഘാതങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അവ ഉൾപ്പെടുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ) വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ ക്യാമ്പയിനിൽ വിദ്യാർഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തന പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നു. സമൂഹത്തെ ശക്തീകരിക്കൽ, ആരോഗ്യകരമായ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പിന്തുണാസംവിധാനങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.

സ്കൂൾതലത്തിൽ നടത്തേണ്ട ജാഗ്രത പ്രവർത്തനങ്ങൾ, ജന ജാഗ്രത സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണത്തോടൊപ്പം കുട്ടികളെ ഇതിൽനിന്ന് പിൻതിരിപ്പിക്കുന്നതിന് അധ്യാപകരെ ശക്തരാക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

'അമ്മ റിസോഴ്സ് ഗ്രൂപ്പ് ' ആയി രക്ഷകർത്താക്കളുടെ കൂട്ടായ്മ സ്കൂൾ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിവരുന്നു. ലഹരി ഉപയോഗം കണ്ടെത്തുക, അറിയിക്കുക, പരിഹാരമാർഗങ്ങൾ നിശ്ചയിക്കുക എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരമാണ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നത്. റഫറൽ സംവിധാനങ്ങൾ സംബന്ധിച്ച് പ്രൈമറി, സെക്കൻഡറി തലത്തിലെ എല്ലാ അധ്യാപകർക്കും കൃത്യമായ ധാരണ അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്. അധ്യാപകർ മുഖേന കുട്ടികളെ ശക്തീകരിക്കുക എന്നത് ഇതിലൂടെ സാധ്യമാകും.

ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ

സംഘടിപ്പിക്കുന്നതിനും കുട്ടികളെ നിരീക്ഷിക്കുന്നതിനുംവേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ prahari club/children's club/anti-narcotic club എന്നിവ രൂപീകരിക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തിവരികയും ചെയ്യുന്നു.

തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 'ജാഗ്രത ബ്രിഗേഡ് ' എന്ന രീതിയിൽ മുപ്പത് മുതൽ അമ്പത് വരെ കുട്ടികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തുകയും അവരിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. കലാ-കായിക, ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ നടപ്പാക്കിവരുന്നു.

'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം എക്സൈസ് വകുപ്പുമായി ചേർന്ന് തയ്യാറാക്കുകയും അതിൽ ലഹരിക്കെതിരെ കുട്ടികളുടെ മനോഭാവം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. എക്സൈസ് വകുപ്പ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി 'കരുതൽ' , 'കവചം' എന്നീ പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ജൂൺ 26-ന് ലഹരിവിരുദ്ധ പാർലമെന്റ്, ശിശുദിനത്തിൽ പ്രത്യേക അസംബ്ലി, ഒക്ടോബർ 2-ന് സംവാദ

സദസ്സ്, ജനവരി 30-ന് ക്ലാസ്സ് സഭ എന്നിവ നടത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ലഭ്യമാക്കിയ നവചേതന മൊഡ്യൂൾ പ്രകാരം അധ്യാപകർക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ തയ്യാറാക്കിയ ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങളിലും (ഉല്ലാസ പറവകൾ) ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

2024-25 അക്കാദമിക വർഷത്തിൽ പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ അടിസ്ഥാന ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മലയാളം, ഉറുദു, അറബി എന്നീ വിഷയങ്ങളിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2025-26 അക്കാദമിക വർഷം പരിഷ്കരിക്കുന്ന വിവിധ വിഷയങ്ങളിലെ പാഠപുസ്തകങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലെ ക്ലാസ്സുകളിലെ പുതുക്കിയ പാഠപുസ്തകങ്ങളിലും ലഹരിക്കും മരുന്നിനുമെതിരായിട്ടുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരി

ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളിൽ അവഗാഹമുണ്ടാക്കേണ്ടതും കുട്ടികൾക്ക് ലഹരി ലഭിക്കുന്ന വഴികൾ തടയേണ്ടതും ഈ കാലഘട്ടത്തിലെ അടിയന്തര ആവശ്യമായി മാറിയിട്ടുണ്ട്. ഈ വിഷയം ഗൗരവമായി കണക്കിലെടുത്ത് വിദ്യാഭ്യാസ വകുപ്പ് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

(സി) ബാധകമല്ല.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വിദ്യാർഥികളിൽ വർധിച്ചുവരുന്ന അക്രമണോത്സുകയും ലഹരി ഉപയോഗവും കണ്ടില്ലെന്ന് നടിച്ച് മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. നിരോധിത ലഹരി ലഭ്യമാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും വിദ്യാർഥികളുടെ ജീവിത പരിസരം സുരക്ഷിതമാക്കേണ്ടതും സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്തമാണ്. വരുന്ന അധ്യയനവർഷം മുതലെങ്കിലും സ്കൂളുകളിൽ ആഴ്ചയിൽ ഒരു പിരീഡ് വിദ്യാർഥികളുടെ മാനസികാരോഗ്യം, ഡിജിറ്റൽ മീഡിയയുടെ ദുരുപയോഗം, ലഹരിയുടെ ഉപയോഗം തുടങ്ങിയ വിഷയങ്ങളുടെ ബോധവൽക്കരണത്തിനായി മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വിദ്യാർഥികൾക്കിടയിൽ ലഹരി

ഉപയോഗവുമായി ബന്ധപ്പെട്ടും അല്ലാതെയും ഹിംസയും അക്രമവും ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ ലഹരി ബോധവൽക്കരണ പരിപാടികളിൽ വളരെ ശ്രദ്ധയാണ് സർക്കാർ ചെലുത്തിയിട്ടുള്ളത്. അതിനായി ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുമുണ്ട്. ഏതെങ്കിലും ഒരാഴ്ച മാറ്റിവയ്ക്കുക എന്നതല്ല, തുടർച്ചയായിതന്നെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എല്ലാ സ്കൂൾതലങ്ങളിലും ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജാഗ്രതാ സമിതികളിൽ പ്രധാനാധ്യാപകൻ, പി.ടി.എ. പ്രസിഡന്റ്, എം.പി.ടി.എ. പ്രസിഡന്റ്, സ്കൂൾ ലീഡർ തുടങ്ങി അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും ആകെ പ്രതിനിധികളും ഉൾപ്പെട്ടിട്ടുണ്ട്. അത്തരം ജാഗ്രതാ സമിതി യോഗങ്ങൾ ചേരുന്നതിനും പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. ജാഗ്രതാ സമിതികൾ എങ്ങനെ പ്രവർത്തിക്കണമെന്ന വിശദമായ ഒരു മാർഗരേഖ വിദ്യാലയങ്ങൾക്ക് നൽകിയിട്ടുണ്ട്. ലഹരി ബോധവൽക്കരണത്തോടൊപ്പം വിദ്യാർഥികളെ അതിൽനിന്നും പിന്തിരിപ്പിക്കാൻ അധ്യാപകരെ ശാക്തീകരിക്കുന്നതിനും ധാരാളം പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 'അമ്മ റിസോഴ്സ് ഗ്രൂപ്പ്' എന്ന രക്ഷിതാക്കളുടെ കൂട്ടായ്മ

സ്കൂൾ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നുണ്ട്. കണ്ടെത്തുക, അറിയിക്കുക, പരിഹാരമാർഗങ്ങൾ നിർദേശിക്കുക എന്നിങ്ങനെ മൂന്ന് ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് Standard Operating Procedure തയ്യാറാക്കിയിട്ടുണ്ട്. പ്രൈമറി, സെക്കൻഡറി തലങ്ങളിലെ എല്ലാ അധ്യാപകർക്കും അവധിക്കാല പരിശീലന പരിപാടി ഇക്കാര്യത്തിനുമാത്രമായി സംഘടിപ്പിച്ചിട്ടുണ്ട്. അധ്യാപകർ മുഖേന വിദ്യാർഥികളെ ശാക്തീകരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാനും വിദ്യാർഥികളെ നിരീക്ഷിക്കാനുമായി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളുകളിൽ prahari club, children's club, anti-narcotic club എന്നിവ രൂപീകരിക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 'ജാഗ്രത ബ്രിഗേഡ് ' എന്ന നിലയിൽ മുപ്പത് മുതൽ അമ്പത് വരെ വിദ്യാർഥികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തിയിട്ടുണ്ട്. അതിലൂടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. കലാ-കായിക, ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ

എന്നിവ നടപ്പാക്കുന്നുണ്ട്. എക്സൈസ് വകുപ്പ് തയ്യാറാക്കിയിട്ടുള്ള 'തെളിവാനം വരയ്ക്കുന്നവർ' , 'കരുതൽ' , 'കവചം' എന്നീ ധാരാളം ലഘുലേഖകളും പുസ്തകങ്ങളും വിദ്യാർത്ഥികൾക്കിടയിൽ വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ വിദ്യാലയങ്ങളിലും ജൂൺ 26-ന് ലഹരി വിരുദ്ധ പാർലമെന്റ്, ശിശുദിനത്തിൽ പ്രത്യേകമായ അസംബ്ലി, ഒക്ടോബർ 2-ന് സംവാദ സദസ്സ്, ജനുവരി 30-ന് ക്ലാസ്സ് സഭകൾ എന്നിങ്ങനെ വിപുലമായ പരിപാടികളാണ് നടത്തുന്നത്. അതുകൊണ്ട് ഏതെങ്കിലും ഒരാഴ്ച സംഘടിപ്പിക്കുക എന്നതല്ല, അധ്യയന വർഷത്തിലുടനീളം ഇത്തരത്തിലുള്ള ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും ലഹരിക്കെതിരായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ അധ്യാപകരെ എംപവർ ചെയ്യുന്ന തരത്തിലുള്ള പരിപാടികളും പൊതുവിദ്യാഭ്യാസ വകുപ്പും എക്സൈസ്, ആഭ്യന്തരം, ആരോഗ്യം തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ലഹരിക്കും അക്രമങ്ങൾക്കും നല്ലൊരു പ്രതിവിധിയാണ് സ്പോർട്സ്. പൊതുവിദ്യാഭ്യാസ വകുപ്പും കായിക വകുപ്പും തമ്മിൽ ഊഷ്മളമായ ബന്ധമല്ല നിലവിലുള്ളത്.

പൊതുവിദ്യാലയങ്ങളിലെ കളിക്കളങ്ങളുടെ നിർമ്മാണം, പരിപാലനം എന്നിവയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് തടസ്സവാദങ്ങൾ ഉന്നയിക്കുന്ന സ്ഥിതി നിലവിലുണ്ട്. വകുപ്പുകൾ തമ്മിലുള്ള ഈ തർക്കം സംസ്ഥാനത്തെ പല നിർമ്മാണ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നുണ്ട്. 2021-22-ലെ ബജറ്റിൽ അനുവദിച്ച ടെൻഡർ നടപടികൾ പൂർത്തീകരിച്ച ചാലക്കുടി ബോയ്സ് ഹൈസ്കൂളിലെ 5 കോടിയുടെ സ്റ്റേഡിയം നിർമ്മാണവും ഈ തർക്കത്തിൽ മുടങ്ങിക്കിടക്കുകയാണ്. ഈ തർക്കം പരിഹരിച്ച് സ്റ്റേഡിയം നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഈ ചോദ്യത്തിൽ അദ്ദേഹം ഒരു ആരോപണംകൂടി ഉന്നയിക്കുകയുണ്ടായി. അത് വസ്തുതാവിരുദ്ധമാണെന്ന് ഞാൻ ഇവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പും കായിക വകുപ്പും തമ്മിലോ അല്ലെങ്കിൽ സർക്കാരിന്റെ ഏതെങ്കിലും വകുപ്പുകൾ തമ്മിലോ അത്തരത്തിൽ ഒരു പ്രശ്നവും നിലനിൽക്കുന്നില്ലെന്ന് മാത്രമല്ല, എല്ലാ വകുപ്പുകളും തമ്മിൽ നല്ല ബന്ധമാണുള്ളത്. നേരത്തെ വിശദീകരിച്ച പരിപാടികളെല്ലാം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കിയിട്ടുള്ളതാണ്. എല്ലാ വകുപ്പുകളും സഹവർത്തിത്തത്തോടെയും

സഹകരണത്തോടെയുമാണ് ഇക്കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ചാലക്കുടി ബോയ്സ് ഹൈസ്കൂളിലെ വിഷയം ഒരു പ്രത്യേകമായ വിഷയമാണ്. അത് പ്രത്യേകം ചോദ്യമായി ഉന്നയിച്ചാൽ അതിന്റെ വിശദാംശങ്ങൾ അദ്ദേഹത്തെ അറിയിക്കുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ധാരാളമായി നടക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അറിയിക്കുകയുണ്ടായി. വളരെയേറെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയിട്ടും നമ്മുടെ വിദ്യാലയങ്ങളിലും കലാലയങ്ങളിലും ലഹരിക്കടിമപ്പെടുന്ന വിദ്യാർഥികളുടെ എണ്ണവും കേസുകളും ദൈനംദിനം വർധിച്ചുവരുകയാണ്. ഈ സാഹചര്യത്തിൽ നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ എന്തെങ്കിലും പോരായ്മയുള്ളതായി ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; ഇത് ഫലപ്രദമാക്കാൻ കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പോരായ്മകളുള്ളതായി സർക്കാർ കാണുന്നില്ല. അത് ഫലപ്രദമാണെന്നാണ് കാണുന്നത്. കൂടുതൽ

ഫലപ്രദമാക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെ ഏതൊരാളും നൽകുന്ന ഏത് നിർദേശവും സ്വീകരിക്കാൻ സർക്കാരിന് തുറന്ന സമീപനമാണുള്ളത്. നമുക്ക് കൂട്ടായി ചർച്ച ചെയ്ത് ടി പ്രവർത്തനത്തെ കൂടുതൽ ഫലപ്രദമാക്കാനുള്ള നിർദേശങ്ങൾ മുന്നോട്ടുവച്ചാൽ അവ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെല്ലാം ഫലപ്രദമാണ്. എന്നാൽ ഇനിയും ഫലപ്രദമാകാൻ കൂടുതൽ നല്ല നിർദേശങ്ങളുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്. അക്കാര്യത്തിലൊന്നും ഒരു തർക്കത്തിന്റെയും പ്രശ്നമുദിക്കുന്നില്ല.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. അൻവർ സാദത്ത്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സനീഷ്കുമാർ ജോസഫ് ചോദിച്ച ചോദ്യമാണ് ഞാനും ചോദിക്കുന്നത്. കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മുമ്പാകെ പ്രസ്തുത വിഷയം ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നിരുന്നു. അതിന്റെ ഭാഗമായി പ്രായോഗികമായ രീതിയിൽ ഒരു പിരീഡ് സ്കൂളുകളിൽ വയ്ക്കാമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അത് സമയബന്ധിതമായി നടപ്പാക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്.

കാരണം, അധ്യാപകർ പറയുന്ന കാര്യങ്ങൾ വിദ്യാർഥികൾ ക്ലാസ്സിലൂടെ കേൾക്കുകയും അതവരുടെ മനസ്സിലേയ്ക്ക് എത്തുകയും ചെയ്യുന്നു. ഒരുപക്ഷെ, ഇങ്ങനെയുള്ള ശക്തികൾ അവരെ സമീപിക്കുമ്പോൾ സ്വാഭാവികമായും അവർക്കതിൽനിന്നും മാറിപ്പോകുന്നതിനുള്ള സാഹചര്യമുണ്ടാകുകയും ചെയ്യും. അതിനാൽ സ്കൂളുകളിൽ പ്രസ്തുത വിഷയം സംബന്ധിച്ച പിരീഡ് അനുവദിക്കുന്ന കാര്യം എത്രയുംവേഗം നടപ്പാക്കാൻ ഗവൺമെന്റിന് സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇതിനകം പാഠ്യപദ്ധതിയിൽ ഈ വിഷയം ഉൾപ്പെടുത്താൻ സർക്കാർ ഗൗരവമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ അടിസ്ഥാന ശാസ്ത്രം, അറബിക്, സയൻസ്, മലയാളം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ യു.പി., ഹൈസ്കൂൾ തലങ്ങളിൽ ലഹരിയുടെ ദൂഷ്യവശങ്ങളും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളും സംബന്ധിച്ചുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒമ്പതാം ക്ലാസ്സിലെ ജീവശാസ്ത്രം പാഠപുസ്തകത്തിലെ മൂന്നാമത്തെ അധ്യായത്തിൽ മയക്കുമരുന്ന് എങ്ങനെ പ്രത്യുൽപാദന ആരോഗ്യത്തെ ബാധിക്കുന്നു എന്ന ആശയം ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചാം

അധ്യായത്തിൽ പ്രവർത്തനങ്ങൾ എന്ന ഭാഗത്ത് ഉപവിഷയമായി ആൽക്കഹോൾ, പുകയില, മയക്കമരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ മദ്യത്തിന്റെ വിപത്തിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. കൂടാതെ ഏഴാം ക്ലാസ്സിലെ അറബിക് ഓറിയന്റൽ പാഠപുസ്തകത്തിൽ ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ഒമ്പതാം ക്ലാസ്സിലെ ഇംഗ്ലീഷ് പാഠപുസ്കത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏഴാം ക്ലാസ്സിലെ അടിസ്ഥാന ശാസ്ത്ര പാഠപുസ്തകത്തിലെ ഏഴാമത്തെ യൂണിറ്റിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെയും സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. മലയാളം പാഠപുസ്തകത്തിൽ സുഗത കുമാരി എഴുതിയ 'സ്നേഹപൂർവം അമ്മ' എന്ന പേരിലുള്ള കത്ത് ലഹരി ബോധവൽക്കരണത്തിന് വളരെ സഹായകരമായിരിക്കും എന്ന ഉദ്ദേശ്യത്തോടെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ ആറാം ക്ലാസ്സിൽ അടിസ്ഥാന ശാസ്ത്രം, എട്ടാം ക്ലാസ്സിലെ ഇംഗ്ലീഷ് എന്നീ പാഠപുസ്തകങ്ങളിൽ ലഹരി ഉപയോഗത്തിനെതിരെ

അവബോധമുണ്ടാക്കുന്നതിനുതകുന്ന തരത്തിലുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞവർഷവും പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇനിവരുന്ന അധ്യയന വർഷത്തിലും ടി വിഷയം സംബന്ധിച്ച് വിവിധ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന്റെ ആക്ടിവിറ്റി ബുക്കിൽ പലയിടങ്ങളിൽ ലഹരിയുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി ഈ വിഷയവുമായി ബന്ധപ്പെട്ട് 'ആഹ്ലാദത്തിന്റെ പുതുവഴികൾ' എന്ന റഫറൻസ് പുസ്തകവും 'ജീവിതമാണ് ലഹരി' എന്ന ലഘുപുസ്തകവും 'ലഹരിയോട് പറയാം ഗുഡ്ബൈ' എന്ന ലഘുലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപോലെ എൽ.പി, യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിലുള്ള അധ്യാപകർക്കുള്ള പരിശീലന മൊഡ്യൂൾ തയ്യാറാക്കുകയും അവർക്ക് ഏകദിന പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പാഠപുസ്തകങ്ങളിൽ ഇതുൾപ്പെടുത്താനും പാഠ്യപദ്ധതിയുടെ ഭാഗമാക്കാനും ഗൗരവമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടെന്നും അവ തുടരുകയും ചെയ്യുമെന്നാണ് അറിയിക്കാനുള്ളത്. അദ്ദേഹം മുന്നോട്ടുവച്ച നിർദേശം,

ഞാൻ നേരത്തെ പറഞ്ഞല്ലോ, എല്ലാ നിർദേശങ്ങളോടും സർക്കാരിന് തുറന്ന സമീപനമാണുള്ളത്. ആ നിർദേശമുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും അതിൽനിന്നും സ്വീകരിക്കാവുന്ന എല്ലാ കാര്യങ്ങളും സ്വീകരിക്കുകയും ചെയ്യും.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ലഹരിയുമായി ബന്ധപ്പെട്ട് കുട്ടിക്കുറ്റവാളികളുടെ എണ്ണം ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് മന:ശാസ്ത്രപരമായ പ്രശ്നം കൂടിയാണ്. കേരളത്തിൽ പല ജില്ലകളിലുമുണ്ടായ ഇത്തരത്തിലുള്ള അക്രമസംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ആ ഡാറ്റാ ഏതെങ്കിലും തരത്തിലുള്ള മന:ശാസ്ത്രപരമായ പരിശോധനകൾക്ക് വിധേയമാക്കാനുദ്ദേശിക്കുന്നുണ്ടോ; അതിന് ആഭ്യന്തര, എക്സൈസ്, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. പ്രസ്തുത വിഷയം മന:ശാസ്ത്രപരമായിക്കൂടി നാം സമീപിക്കേണ്ടതാണ്. കേരളീയ കൗമാരക്കാർ

അഭിമുഖീകരിക്കുന്ന മന:ശാസ്ത്രപരമായ പ്രശ്നങ്ങൾ, മാനസിക സംഘർഷങ്ങൾ എന്നിവ ഗൗരവമായിട്ടുള്ള പഠനത്തിന് വിധേയമാക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ ഇതുസംബന്ധിച്ച് ചർച്ച ചെയ്ത ഉപക്ഷേപത്തിന്റെ മറുപടിയിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. എല്ലാ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടും അവരുടെയെല്ലാം സഹായത്തോടുകൂടിയും ഇക്കാര്യത്തിൽ ശാസ്ത്രീയമായിട്ടുള്ള പഠനംതന്നെ നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ തീർച്ചയായുമുണ്ടാകും. കുട്ടികൾക്കിടയിൽ അക്രമവാസന ഉണ്ടാകുന്നുണ്ട്. അതിന് കുട്ടികുറ്റവാളികൾ എന്നവരെ വിശേഷിപ്പിക്കുന്നതും കുട്ടിക്കുറ്റവാളികൾ എന്നവരെ ചാപ്പകുത്തുന്നതും മനഃശാസ്ത്രപരമായി ശരിയായ ഒരു സമീപനമല്ല. പക്ഷെ അക്രമവാസന വർധിക്കുന്നു. വയലൻസിന്റെ ഗ്ലോറിഫിക്കേഷൻ ഉണ്ടാകുന്നു. Celebration of Violence സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നിന്നുവേണം നമ്മളതിനെ കാണേണ്ടത്. അല്ലാതെ കേവലം ലഹരിയുടെമാത്രം പ്രശ്നമല്ല. ലഹരി ഒരു വെല്ലുവിളിയാണ്, ലഹരിപോലെ തന്നെ ഹിംസ ഒരു ലഹരിയായി മാറുന്നുണ്ട്. പ്രത്യേകിച്ച്, ബാഹ്യ ലഹരിയൊന്നും

ഉപയോഗിക്കാതെതന്നെ ഹിംസയിൽ ആനന്ദം കണ്ടെത്തുന്ന മനോവൈകൃതം (ക്രൂരമായ മനോഭാവം) കുട്ടികൾക്കിടയിൽ വളർന്നുവരുന്നുണ്ട്. അതിന്റെ കാരണങ്ങളെന്തൊക്കെയാണ്? വിശദമായി ചർച്ച ചെയ്തതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. വെബ് സീരീസുകൾ, സിനിമ, സാമൂഹിക മാധ്യമങ്ങളുടെ അഡിക്ഷൻ ഇങ്ങനെ ഒരുപാട് കാരണങ്ങൾ നമ്മൾതന്നെ ചർച്ച ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വിദഗ്ധർ കൂടിച്ചേർന്ന് പരിശോധിക്കുകയും അന്വേഷിക്കുകയും പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്യേണ്ടതാണ്. വളരെ ശാസ്ത്രീയമായിട്ടുള്ള സമീപനമാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ആഗ്രഹിക്കുന്നത്.

ശ്രീ. മാത്യു ടി. തോമസ്: സർ, ക്യാമ്പസുകളിലെ അരാഷ്ട്രീയവത്ക്കരണത്തിന്റെ ഉത്പന്നങ്ങളിലൊന്നാണ് ലഹരി വ്യാപനം എന്ന തിരിച്ചറിവ് നമുക്കെല്ലാവർക്കും ആവശ്യമാണ്. വലിയതോതിൽ ബോധവത്ക്കരണ പ്രചരാണ പരിപാടികൾ നടക്കുകയാണ്. എന്റെ നാട്ടിൽ 13-ാം തീയതി തിരുവല്ല റൺ എഗെയ്ൻസ്റ്റ് ഡ്രഗ്സ് (TRAD) എന്ന പേരിൽ അയ്യായിരത്തോളം ആളുകൾ പങ്കെടുക്കുന്ന കൂട്ടയോട്ടം സംഘടിപ്പിച്ചിരിക്കുകയാണ്. വ്യാപകമായ ലഹരിവിരുദ്ധ പ്രചാരണ

പരിപാടികൾ കൗണ്ടർ പ്രൊഡക്ടീവ് ആകുമോയെന്നൊരു ആശങ്ക ഒരു മനഃശാസ്ത്ര വിദഗ്ധൻ കഴിഞ്ഞ ദിവസം പങ്കുവയ്ക്കുന്നത് കണ്ടു. ' No' അല്ലെങ്കിൽ പാടില്ല എന്ന പ്രചരണം ശക്തമായി വരുമ്പോൾ പരീക്ഷിച്ചുനോക്കിയാലോ എന്ന ചിന്ത സമാന്തരമായി പ്രബലപ്പെട്ടുമെന്നാണ് അദ്ദേഹം വിലയിരുത്തിയിരിക്കുന്നത്. ഈ അപകടത്തെക്കൂടി മറികടക്കാൻ നമുക്ക് കഴിയണം. ഇവിടെ വിതരണത്തിന്റെ ചങ്ങല മുറിക്കാനുള്ള ഫലപ്രദമായ നടപടി അത്യാവശ്യമാണ്. വിതരണത്തിന്റെ ചങ്ങലകൾ/കണ്ണികൾ കണ്ടെത്തിയാൽ മുറിക്കാൻവേണ്ടിയുള്ള നടപടികളിൽ വിദ്യാർഥി സംഘടനകളെയും നാഷണൽ സർവീസ് സ്കീം, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, എൻ.സി.സി. തുടങ്ങിയ സംഘടനാ പ്രസ്ഥാനങ്ങളെയും സംയോജിപ്പിച്ച് വലിയ മുന്നേറ്റമായി അത് മാറ്റിയെടുക്കാൻ ബോധവൽക്കരണ പരിപാടിയോടൊപ്പംതന്നെ വിതരണം അവസാനിപ്പിക്കാനുള്ള നടപടികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിനെക്കൂടി എങ്ങനെ എക്സൈസ് വകുപ്പിൽ പങ്കാളികളാക്കാമെന്ന് പരിശോധിക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വളരെ

ശരിയാണ്. യഥാർഥത്തിൽ ക്യാമ്പസിലെ അരാഷ്ട്രീയത, രാഷ്ട്രീയത്തിന്റെയും ആശയസംവാദങ്ങളുടെയും ശൂന്യത എന്നിവയാണ് ലഹരി ഉൾപ്പെടെയുള്ള അരാജകപ്രവർത്തനങ്ങൾക്കും വഴി തുറന്നിട്ടുള്ളത്. ഈ സഭയിൽ ഇരിക്കുന്ന അനേകംപേർ ക്യാമ്പസുകളിൽനിന്ന് വിദ്യാർഥി സംഘടനാ പ്രവർത്തകരായി ഉയർന്നുവന്നിട്ടുള്ളവരാണ്. അന്ന് സംഘർഷങ്ങളും ഏറ്റുമുട്ടലുകളുമൊക്കെ ഉണ്ടായിട്ടുണ്ട്. പക്ഷെ, ഇതുപോലെ വയലൻസിന്റെ മഹത്വവൽക്കരണമോ ആഘോഷമോ ഉണ്ടായിട്ടില്ല. ഒറ്റപ്പെട്ട സംഘർഷങ്ങളുണ്ടാകും. അപ്പോൾ ഒരു സംഘടനയെ വിമർശിക്കുകയോ കുറ്റപ്പെടുത്തുകയോ തിരുത്തുകയോ ചെയ്യാം. ആൾക്കൂട്ടമാകെ അക്രമത്തിലേർപ്പെടുന്ന സ്ഥിതി വന്നാൽ നിങ്ങൾ ആരെയാണ് വിമർശിക്കുകയും തിരുത്തുകയും ചെയ്യുന്നത്. ഒരു സംഘടനയ്ക്ക് ഉത്തരവാദിത്വമുണ്ടെങ്കിൽ ആ സംഘടനയുടെ നേതൃത്വത്തെ ചോദ്യം ചെയ്യാം, ആ സംഘടനയുടെ നേതൃത്വം ഇടപെടണമെന്ന് പറയാം. ഇവിടെ നേതൃത്വമില്ലാത്ത ആൾക്കൂട്ടത്തിന്റെ അക്രമം ഒരു ലഹരിയായി മാറിയാൽ അതോടൊപ്പം ലഹരി ഉപയോഗത്തിനുകൂടി കീഴ്പ്പെട്ടുകഴിഞ്ഞാൽ നമുക്ക് അതിൽ ഇടപെടാനുള്ള സാധ്യത കുറയ്ക്കുകയാണ് ചെയ്യുന്നത്. പിന്നെ, ഒരു

വികല ജീവിത വീക്ഷണമുണ്ട്. രാഷ്ട്രീയം അപ്പുറത്തോ ഇപ്പുറത്തോ ആകട്ടെ, ഏത് രാഷ്ട്രീയവുമാകട്ടെ, അതിന് അടിസ്ഥാനപരമായ ഏത് രാഷ്ട്രീയവും ഒരു സാമൂഹികമായ പ്രതിബദ്ധതയിൽ നിന്നാണല്ലോ ഉയരുന്നത്. ഒരു പ്രതിബദ്ധതയും സമൂഹത്തോടോ മറ്റാരോടോ ഇല്ലാതെ വരുമ്പോൾ ജീവിതത്തെക്കുറിച്ചുള്ള വികല വീക്ഷണം കൂടിയാണ് ഇതിലേക്ക് നയിക്കുന്നത്. അദ്ദേഹം പറഞ്ഞത് ശരിയാണ്. അരാഷ്ട്രീയത ഒരു പ്രധാന കാര്യമാണ്. വിദ്യാർഥി സംഘടനകൾക്ക് മാത്രമല്ല, എൻ.എസ്.എസ്., സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി., സ്കൗട്സ് ആൻഡ് ഗൈഡ്സ്, യുവജന സംഘടനകൾ തുടങ്ങിയ എല്ലാ സംഘടനകൾക്കും ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിക്കാൻ കഴിയും. ഇതിൽനിന്നും അകറ്റി നിർത്തേണ്ടവരായി ആരുമില്ലെന്നതന്നെയാണ് സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട്. അദ്ദേഹം ഒരു ആശങ്ക ഇവിടെ പങ്കുവച്ചു. അതിനെക്കുറിച്ച് പറയാൻ ഞാൻ വിദഗ്ധനല്ല. ‘ No’ എന്ന് ശക്തമായി പറയുമ്പോൾ അത് കൗണ്ടർ പ്രൊഡക്ടീവ് ആകുമോയെന്ന ആശങ്ക പറഞ്ഞു. ഞങ്ങൾ വിദഗ്ധരുടെ സഹായം തേടുന്നുണ്ടല്ലോ; ആ വിദഗ്ധരാണ് അക്കാര്യത്തിൽ നമ്മുടെ സ്ട്രാറ്റജി എന്തായിരിക്കണമെന്നതിൽ നമ്മളെ

സഹായിക്കേണ്ടത്. ബഹുമാന്യനായ ശ്രീ. കെ. പി. മോഹനനൻ എം.എൽ.എ. സ്വീകരിച്ച ഒരു മാതൃക അദ്ദേഹം ഇവിടെ പങ്കുവയ്ക്കുകയുണ്ടായി. അദ്ദേഹം സ്പോർട്സ് കിറ്റ്, പുസ്തകങ്ങൾ, ഷെൽഫുകൾ ഇതൊക്കെ എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അത്തരത്തിൽ ധാരാളം കാര്യങ്ങൾ പല എം.എൽ.എ.-മാരും ചെയ്തിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ഇക്കാര്യത്തിൽ സ്പോർട്സ് നല്ല പ്രത്യൗഷധമാണ്. അത് ലഹരിക്കെതിരായ പ്രത്യൗഷധമെന്ന നിലയിൽ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കുട്ടികളെ ഈ സംഭവങ്ങൾക്കുശേഷം വല്ലാതെ സാമാന്യവത്ക്കരിച്ച് ഈ പുതിയ തലമുറ മുഴുവൻ സാമൂഹ്യപ്രതിബദ്ധതയില്ലാത്തവരും കൊള്ളരുതാത്തവരുമാണെന്ന പ്രചാരണം സമാന്തരമായി നടക്കുന്നുണ്ട്. അതിനെ നമുക്ക് നേരിടേണ്ടതായിട്ടുണ്ട്. വെള്ളപ്പൊക്കമുണ്ടായ സമയത്തും കോവിഡ് കാലത്തും ചെറുപ്പക്കാർ വളരെ സാമൂഹ്യപ്രതിബദ്ധതയോടുകൂടി പ്രതികരിച്ച അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞ എസ്.പി.സി.

രാജ്യത്തിനുതന്നെ മാതൃകയായി കേരളത്തിൽ ആരംഭിച്ച ഒരു പ്രസ്ഥാനമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ശ്രീ. പി. വിജയൻ ഐ.പി.എസ്.-ന്റെ നേതൃത്വത്തിലാണ് കേരളത്തിൽ എസ്.പി.സി. ആരംഭിച്ചത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ എസ്.പി.സി.-യെ കൂടുതൽ ശക്തിപ്പെടുത്തുകയുണ്ടായി. എസ്.പി.സി.-യുടെ യൂണിഫോം അലവൻസും അവരുടെ ഇൻസ്ട്രക്ടറുടെ റെമ്യൂണറേഷനും കുടിശ്ശികയാണ്. ഫുഡ് അലവൻസ് ഏതാണ്ട് നിലച്ച അവസ്ഥയിലാണ്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് എസ്.പി.സി.-യെ കൂടുതൽ ശക്തമാക്കാൻവേണ്ടിയും ഈ കാര്യങ്ങളിലുള്ള കുടിശ്ശിക തീർത്ത് അവരെ കൂടുതൽ സജീവമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാന്യനായ അംഗം തന്നെ ഇവിടെ അംഗീകരിച്ചതുപോലെ എസ്.പി.സി. ഇന്ത്യയ്ക്കാകെ മാതൃകയായിട്ടുള്ള ഒരു പദ്ധതിയാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽ നിന്നുമുള്ള സംഘങ്ങൾ ഇവിടെവന്ന് എസ്.പി.സി.-യെക്കുറിച്ച് പഠിക്കുകയും അവരുടെ സംസ്ഥാനങ്ങളിൽ പകർത്താൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

അതുകൊണ്ട് എസ്.പി.സി.-യെ ശാക്തീകരിക്കുകയെന്നുള്ളത് ഈ സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ്. അതിൽ ഒരു വീഴ്ചയും ഉണ്ടായിരിക്കില്ല. എസ്.പി.സി. എത്രത്തോളം പ്രാധാന്യത്തോടെയാണ് സർക്കാർ കാണുന്നതെന്നതിന്റെ തെളിവാണ് പോലീസ് റിക്രൂട്ട്മെന്റിന് പി.എസ്.സി. പരീക്ഷയ്ക്ക് എസ്.പി.സി.-യ്ക്ക് വെയ്റ്റേജ് മാർക്ക് കൊടുക്കാൻ സർക്കാർ തീരുമാനിച്ചത്. അത്രയും പ്രാധാന്യത്തോടെയാണ് സർക്കാർ എസ്.പി.സി.-യെ കാണുന്നത്. അതുകൊണ്ട് ഒരു ആശങ്കയുടെയും ആവശ്യമില്ല. എസ്.പി.സി.-ക്ക് ഒരു കുറവും വരാതെ സർക്കാർ നോക്കും.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ആന്റി ഡ്രഗ് ക്യാമ്പയിന്റെ ഭാഗമായി മെയ് മാസം 1-ാം തീയതി മുതൽ കാസർഗോഡ് നിന്നും തിരുവനന്തപുരം വരെ കായിക വകുപ്പ് എല്ലാ മണ്ഡലങ്ങളും താലൂക്കുകളും കോർത്തിണക്കിക്കൊണ്ട് വലിയൊരു ക്യാമ്പയിൻ തുടങ്ങുകയാണ്. 'കായികമാണ് ബദൽ' എന്നാണ് അതുമായി ബന്ധപ്പെട്ട് ആലോചിക്കുന്ന സന്ദേശം. അത് നല്ല രീതിയിൽ ജനങ്ങളുടെയിടയിലെത്താൻ എല്ലാ എം.എൽ.എ.-മാരും സഹായിക്കണമെന്ന് ഈ അവസരത്തിൽ പറയുന്നു.

## ദേശീയപാത 66-ന്റെ പ്രവൃത്തി പുരോഗതി

4 (*244) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ദെലീമ:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ പ്രവൃത്തി പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; 'മിഷൻ 2025' എന്ന പദ്ധതി ആവിഷ്കരിച്ചതിനുശേഷം പ്രസ്തുത പ്രവൃത്തിയിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ; പൂർത്തിയായ റീച്ചുകളുടെ വിശദവിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ?

ദേശീയപാത 66-ന്റെ നിർമ്മാണ പ്രവൃത്തി വിലയിരുത്തുന്നതിനും ദേശീയപാത അതോറിറ്റിയുമായി ചേർന്ന് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടിയാണ് മിഷൻ-2025 പദ്ധതി ആവിഷ്കരിച്ചത്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നിശ്ചിത ഇടവേളകളിൽ പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി പദ്ധതി

വിലയിരുത്തുകയും അവലോകന യോഗങ്ങൾ ചേരുകയും ചെയ്യുന്നു. എല്ലാ മാസവും പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്ന ഉദ്യോഗസ്ഥതല യോഗവും ചേരുന്നുണ്ട്. നിലവിൽ പ്രവൃത്തിയിൽ വലിയ പുരോഗതി കൈവരിച്ചു. ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട 7 സ്ട്രെച്ചുകളിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 19 സ്ട്രെച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നു. സ്ട്രെച്ചുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു+.

(ബി) ദേശീയപാത 66-ന്റെ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള റെയിൽവേ ഓവർ ബ്രിഡ്ജുകളുടെയും ഫ്ലൈ ഓവറുകളുടെയും അണ്ടർ പാസ്സുകളുടെയും പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

ദേശീയപാത 66-ലെ ഓരോ സ്ട്രെച്ചിലെയും അനുവദിക്കപ്പെട്ട അടിപ്പാതകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു+.

+ അനുബന്ധമായി ചേർക്കുന്നു.

+ അനുബന്ധമായി ചേർക്കുന്നു.

(സി) നിർമ്മാണപ്രവൃത്തിയിലെ അപാകതകൾമൂലം മഴക്കാലത്ത് റോഡുകളിലുണ്ടായ പ്രശ്നങ്ങൾ പ്രത്യേകമായി പഠിച്ച് അവ ഭാവിയിൽ ആവർത്തിക്കാത്തവിധം പരിഹരിക്കുന്നതിന് സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ?

ദേശീയപാത 66-ൽ മഴക്കാലത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. വി. സുമേഷ്</u>: ദേശീയപാത വികസനം നമ്മുടെ സംസ്ഥാനത്തിന്റെ യാത്രാ ഗതാഗത മേഖലയിൽ വലിയ വിപ്ലവകരമായ മാറ്റത്തിനാണ് നേതൃത്വം കൊടുക്കാൻ പോകുന്നത്. ദേശീയപാത 66-ന്റെ വികസനത്തിന് നമ്മുടെ ഗവൺമെന്റ് കേന്ദ്രത്തിന് ഇതുവരെ എത്ര തുക നൽകിയിട്ടുണ്ട്? മറ്റേതെങ്കിലും സംസ്ഥാനങ്ങൾ ഇങ്ങനെ പണം നൽകാൻ തയ്യാറായിട്ടുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: ദേശീയപാത വികസനം എൻ.എച്ച്.-66 ലോകത്തെവിടെയുമുള്ള മലയാളിയുടെ ഒരു ചിരകാല സ്വപ്നമാണ്. യഥാർത്ഥത്തിൽ ഈ പദ്ധതി മരണപ്പെട്ട ഒരു പദ്ധതിയായിരുന്നു.

2014 ഏപ്രിൽ മാസം 14-ാം തീയതി രാജ്യത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെ തൊട്ടുതലേദിവസം ഈ പദ്ധതിക്ക് ചരമഗീതം പാടിയതാണ്. എന്നാൽ 2016-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നു. എൽ.ഡി.എഫ്. പ്രകടന പത്രികയിൽ ഈ പദ്ധതി ഞങ്ങൾ അധികാരത്തിൽവന്നാൽ നടപ്പാക്കുമെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. സാധ്യമാകുന്നത് പറയുകയും പറയുന്നത് ഏത് പ്രതിസന്ധിയെയും തട്ടിമാറ്റി നടപ്പാക്കുകയും ചെയ്യുന്ന ഒരു മുന്നണിയും സർക്കാരുമാണ് എൽ.ഡി.എഫ്-ഉം എൽ.ഡി.എഫ്. സർക്കാരും എന്നുള്ളത് നമുക്കറിയാവുന്നതാണ്. അതിന്റെ ഭാഗമായി കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായും ശ്രീ. നിധിൻ ഗഡ്കരിയുമായും അഞ്ചിലധികം തവണ ചർച്ച ചെയ്യുകയും ആ ചർച്ചയുടെ ഭാഗമായി കേന്ദ്രസർക്കാർ ഇനി കൂടുതൽ പണം തരാൻ തയ്യാറല്ലെന്നുള്ള കാര്യത്തിൽ തീരുമാനമായി. പിന്നീട് സംസ്ഥാന സർക്കാരിന്റെ മുന്നിൽ രണ്ടേ രണ്ട് വഴികളേയുള്ളൂ. ഒന്നുകിൽ ഈ പദ്ധതി ഉപേക്ഷിക്കുക, അല്ലെങ്കിൽ ഈ പദ്ധതിക്ക് പണം കണ്ടെത്തുക. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ദേശീയപാത വികസനത്തിന് ഒരു സംസ്ഥാന സർക്കാർ

പണം കണ്ടെത്താൻ നിശ്ചയിച്ചത്. 5580 കോടി രൂപയാണ് ഇതിനുവേണ്ടി സംസ്ഥാന സർക്കാർ ചെലവഴിച്ചത്. കിഫ്ബി പദ്ധതിയാണ്, കിഫ്ബി ഫണ്ടാണ്. കിഫ്ബി ഫണ്ട് കടപരിധിയിൽപ്പെടുത്തി മുന്നോട്ടുപോകുന്നൊരു സ്ഥിതി കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായി. ചുരുക്കിപറഞ്ഞാൽ, അതിന്റെ ഇരട്ടി ഏറെക്കുറെ 12000 കോടി രൂപ ചെലവഴിച്ചതിന് തുല്യമായി മാറിയിട്ടുണ്ട്. NH 66 മറ്റ് നാല് സ്റ്റേറ്റുകളിലൂടെയും പോകുന്നുണ്ട്. ആ സ്റ്റേറ്റുകളൊന്നുംതന്നെ സ്റ്റേറ്റിന്റെ ഫണ്ട് NH 66-ന്റെ വികസനത്തിനുവേണ്ടി ചെലവഴിച്ചിട്ടില്ല. ലോകത്തെവിടെയുമുള്ള മലയാളിക്ക് സന്തോഷിക്കാം. ഈ സ്വപ്ന പദ്ധതി യാഥാർത്ഥ്യമാകാൻവേണ്ടി നാട് ആഗ്രഹിക്കുമ്പോൾ ഇതിനെ എതിർക്കുന്നവർ അതിനോടൊപ്പമല്ല നിൽക്കുന്നത്. അതുകൊണ്ട് എല്ലാവരും ഇതിനെ ഒരുപോലെ പിന്തുണക്കേണ്ടതാണ്. ഇതിനെ ആരെങ്കിലും എതിർക്കുന്നുണ്ടെങ്കിൽ അത് വ്യക്തിയായിക്കൊള്ളട്ടെ, രാഷ്ട്രീയ പ്രസ്ഥാനങ്ങളായിക്കൊള്ളട്ടെ, അതൊരു രാഷ്ട്രീയ ആത്മഹത്യയായിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. 2025 ഡിസംബറിൽ ലോകത്തെവിടെയുമുള്ള മലയാളിയുടെ ചിരകാല സ്വപ്നമായ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 45 മീറ്റർ 6 വരി

യാഥാർഥ്യമാക്കാനാകുമെന്നുള്ള സന്തോഷവിവരം ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ദേശീയ പാത-66 കൂടാതെ നമ്മുടെ സംസ്ഥാനത്തെ മറ്റേതെല്ലാം ദേശീയപാതകൾക്കാണ് നാം സാമ്പത്തികമായ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നതെന്നത് വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തിരുവനന്തപുരം ഔട്ടർ റിങ് റോഡ്, എറണാകുളം ബൈപ്പാസ്, കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് എന്നീ പദ്ധതികൾക്ക് മാത്രമായി 2370 കോടി 59 ലക്ഷം രൂപയുടെ സാമ്പത്തിക ബാധ്യതയാണ് കേരള സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുള്ളത്. എറണാകുളം ബൈപ്പാസ് (NH-544), കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് (NH-744) എന്നീ രണ്ട് പാത നിർമ്മാണങ്ങൾക്കായി 741 കോടി 35 ലക്ഷം രൂപയുടെ സാമ്പത്തിക ബാധ്യതയാണുള്ളത്. ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനായി 1629 കോടി 24 ലക്ഷം രൂപയുടെ പാക്കേജ്, ഭൂമിയേറ്റെടുക്കലിന്റെ 50% തുകയായ 930 കോടി 41 ലക്ഷം രൂപ സംസ്ഥാന സർക്കാർ വഹിക്കുകയാണ്. ഈ തുക കിഫ്ബിയിൽനിന്നും അനുവദിക്കും.

സർവീസ് റോഡ് നിർമ്മാണത്തിന് 477 കോടി 33 ലക്ഷം രൂപയും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഈ തുക സംസ്ഥാനം 5 വർഷത്തിനകം നൽകും. ചരക്കുസേവന നികുതിയിനത്തിൽ 210 കോടി 63 ലക്ഷം രൂപയും റോയൽറ്റി ഇനത്തിൽ 10 കോടി 87 ലക്ഷം രൂപയും ഒഴിവാക്കി സംസ്ഥാനം അധിക ബാധ്യത വഹിക്കുവാനും തീരുമാനിച്ചു. ഇതോടൊപ്പം പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് പാതയുടെ ഭൂമിയേറ്റെടുക്കലും പുരോഗമിക്കുകയാണ്. പാലക്കാട് നിന്നും കോഴിക്കോട് യാത്രയ്ക്ക് ഇപ്പോൾ നാല് മണിക്കൂറോളം സമയമെടുക്കുന്നത് ഒന്നര മണിക്കൂർകൊണ്ട് എത്താൻ സാധിക്കുന്ന സ്ഥിതിയുണ്ടാകും. കോഴിക്കോട് മുതൽ മുത്തങ്ങ വരെയുള്ള NH – 766 ദീർഘകാലത്ത സ്വപ്നപദ്ധതിയാണ്. NH – 185-ൽ അടിമാലി - കുമളി, NH – 183-ൽ മുണ്ടക്കയം - കുമളി എന്നീ പാതകളുടെ നവീകരണം സാധ്യമാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി ചർച്ചകൾ തുടരുകയാണ്. പോസിറ്റീവായിട്ടുള്ള ഒരു സമീപനം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ദേശീയപാത 66 സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ്

പൊതുമരാമത്ത് വകുപ്പും സർക്കാരും സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ദേശീയപാത പ്രവൃത്തികളിൽ ഒരു സംസ്ഥാന സർക്കാർ ഫണ്ട് ചെലവഴിച്ചാലും ചെലവഴിച്ചില്ലെങ്കിലും സംസ്ഥാന സർക്കാരിന് അത് എക്സിക്യൂട്ട് ചെയ്യുന്നതിൽ വലിയ റോളുണ്ട്. ഒരു ദേശീയപാതയുടെ ഭാഗമായി പല കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. മരങ്ങൾ മുറിച്ചുമാറ്റണമെങ്കിൽ കേന്ദ്ര വനം വകുപ്പല്ല സംസ്ഥാന വനം വകുപ്പാണ് അതിൽ ഇടപെടുന്നത്. വൈദ്യുതി ലൈൻ മാറ്റണമെങ്കിൽ സംസ്ഥാനത്തെ വൈദ്യുതി വകുപ്പാണ് അതിൽ ഇടപെടേണ്ടത്. പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പാണ് അതിൽ ഇടപെടുന്നത്. NH-66-നോടനുബന്ധിച്ച് മാതൃകാപരമായി ഭൂമിയേറ്റെടുക്കൽ നടന്നു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾക്ക് സംസ്ഥാനത്തെ റവന്യൂ വകുപ്പാണ് അതിലിടപെടുന്നത്. മെറ്റീരിയലുകളുടെ ആവശ്യകതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സംസ്ഥാനത്തെ വ്യവസായ വകുപ്പാണ് ഇടപെടുന്നത്. ഇതിനൊക്കെ ഒരു പ്രോപ്പർ കോ-ഓർഡിനേഷൻ വേണമെന്നുള്ളതാണ് പ്രത്യേകത. NH-66 ഉൾപ്പെടെ ദേശീയപാത

വികസനത്തിന്റെ പ്രോപ്പർ കോ-ഓർഡിനേഷനിൽ ഇന്ത്യയിലേതൊരു സംസ്ഥാനത്തിനും മാതൃകയാക്കാവുന്ന ഒരു സംസ്ഥാനമുണ്ടെന്ന് 'ദ ഹിന്ദു' പത്രം ചൂണ്ടിക്കാട്ടിയത് കേരളത്തെയാണ്. ആ സംസ്ഥാനത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എല്ലാ രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് എല്ലാ രണ്ടാഴ്ചയിലും ഇതിൽ ഏതെങ്കിലുമൊരു സ്ട്രെച്ചിന്റെ യോഗം നടത്തുന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ ഭരണകക്ഷി ബഞ്ചിലുള്ളവരും പ്രതിപക്ഷ ബഞ്ചിലുള്ളവരും നിരവധി രാഷ്ട്രീയ സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി കാൽനടജാഥയിലും വാഹനജാഥയിലും പങ്കെടുത്തതാണ്. ഞങ്ങൾ കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ NH-66 യാഥാർത്ഥ്യമാക്കുന്നതിന് ഓരോ ഫീൽഡിലും പോകുന്നതിനും എം.എൽ.എ.-മാരുമായി ചർച്ച ചെയ്യുന്നതിനും നിരവധി തവണ സഞ്ചരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെയുണ്ട്, പ്രതിപക്ഷ ഉപനേതാവുണ്ട്, മറ്റ് പ്രധാനപ്പെട്ട ആളുകളുണ്ട്, നമ്മുടെ സംസ്ഥാനത്തെ മന്ത്രിമാരുണ്ട്, പ്രധാനപ്പെട്ട നേതാക്കന്മാരുണ്ട്, അവരുടെയൊക്കെ മണ്ഡലങ്ങളിൽക്കൂടി ടി ദേശീയപാത

കടന്നുപോകുന്നിടത്തൊക്കെതന്നെ പോസിറ്റീവായി പോയിട്ടുണ്ട്. ജനങ്ങൾ മുന്നോട്ടുകൊണ്ടുവരുന്ന മറ്റ് ചില ന്യായമായ പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ വളരെ ആത്മാർഥമായി ഇടപെടുന്നുണ്ട്. അത് തുടരാം. ആ നിലയിൽതന്നെ നമുക്ക് മുന്നോട്ടുപോകാം.

ശ്രീമതി ദെലീമ: സർ, അരൂർ-തുറവൂർ ഫ്ലൈഓവർ പ്രവൃത്തിയുടെ ഭാഗമായി ഗതാഗതം തിരിച്ചുവിട്ടിരുന്ന പി.ഡബ്ല്യൂ.ഡി. റോഡുകൾ പലതും തകർന്നുകിടക്കുന്നുണ്ട്. അത് ഓവർലേ ചെയ്യുന്നതിനുവേണ്ടി ദേശീയപാത അതോറിറ്റി ഫണ്ട് അനുവദിക്കണമെന്ന് നേരത്തെ തീരുമാനിക്കുകയും പൊതുമരാമത്ത് വകുപ്പ് അതിന് മുൻകൈയെടുക്കുകയും ചെയ്തിരുന്നു. ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി എപ്പോൾ തുടങ്ങാനാകും?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. വളരെമുമ്പുതന്നെ ഇക്കാര്യത്തിൽ ഇടപെട്ട് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പും സംസ്ഥാന സർക്കാരും ദേശീയപാത അതോറിറ്റിയുമായി തുടർച്ചയായി ഇടപെട്ടിട്ടുണ്ട്. തുറവൂർ-കുമ്പളങ്ങി, തുറവൂർ-മാക്കേക്കടവ് എന്നീ റോഡുകൾ റീടാർ ചെയ്യാനായി 8 കോടി 50 ലക്ഷം രൂപ

അനുവദിച്ചിട്ടുണ്ടെന്ന വിവരം  ഞാൻ സഭയെ അറിയിക്കുകയാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, NH-66 പ്രവൃത്തിയുടെ ഭാഗമായി മഴക്കാലത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ധാരാളമാണ്.  മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ 5 വാർഡുകളിൽക്കൂടിയാണ് NH-66 കടന്നുപോകുന്നത്. അവിടെ ഉപ്പുപടന്ന ഭാഗത്ത് സർവീസ് റോഡ് ഇല്ലാത്തതിന്റെ പ്രശ്നംമൂലം 80 കുടുംബങ്ങൾ ഒറ്റപ്പെട്ട് കിടക്കുകയാണ്. മുട്ടുക്കായലിൽക്കൂടി ഒഴുകിപ്പോയിരുന്ന തോടുകളെയെല്ലാം തൂർത്തുകൊണ്ട് NH-66 കടന്നുപോകുന്നതിനാൽ വെള്ളപ്പൊക്കം ഒരു നിരന്തരപ്രശ്നമായി മാറുകയാണ്. വാടാനപ്പള്ളി പ്രദേശം അങ്ങ് സന്ദർശിച്ച സമയത്ത് അതുമായി ബന്ധപ്പെട്ട് ഒരു നിവേദനം നൽകിയിരുന്നു.  അടിയന്തരമായി ടി പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്:  സർ, അന്ന് നടന്ന യോഗത്തിൽ ടി പ്രശ്നം പ്രത്യേകം ചർച്ച ചെയ്തിരുന്നു. ടി വിഷയത്തിൽ അടിയന്തരമായി പൊതുമരാമത്ത് സെക്രട്ടറിയെതന്നെ ചുമതലപ്പെടുത്തി എങ്ങനെ മുന്നോട്ടുപോകാമെന്നുള്ളത് പരിശോധിക്കാം.

ശ്രീമതി  കെ. കെ. രമ: സർ, NH-66 പ്രവൃത്തിയുടെ ഭാഗമായി

സർവീസ് റോഡുകൾ ചെറുതായതിനാലും പഞ്ചായത്ത് റോഡുകൾക്ക് ആക്സസ് ഇല്ലാത്തതിന്റെയുമൊക്കെ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ മുക്കാളി-മടപ്പള്ളി ഭാഗങ്ങളിൽ കഴിഞ്ഞ മഴക്കാലത്ത് soil nailing ചെയ്ത ഭാഗം ഇടിഞ്ഞുവീണിരുന്നു. അതിപ്പോഴും അതേ നിലയിൽ തുടരുകയാണ്, പുനഃസ്ഥാപിച്ചിട്ടില്ല. അതുപോലെതന്നെ അതിനുചുറ്റിനുമുള്ള ഭാഗങ്ങളിലെ 5 കുടുംബങ്ങൾ ഇപ്പോൾ വാടകവീടുകളിലാണ് താമസിക്കുന്നത്. അവരുടെ ഭൂമി ഏറ്റെടുക്കണമെന്നും വീട് ഏറ്റെടുക്കണമെന്നും ഞാൻ ഈ സഭയിൽ സബ്മിഷനായി ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടതാണ്. ഇതുവരെ ഇക്കാര്യത്തിൽ ഒരു നടപടിയുണ്ടായിട്ടില്ല. ടി കുടുംബങ്ങൾ ദുരിതത്തിലാണ്. ടി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, NH-66-ന്റെ പ്രവൃത്തിയുടെ ഭാഗമായി പല സ്ഥലങ്ങളിൽനിന്നും  ന്യായമായ ആവശ്യങ്ങൾ ജനങ്ങൾ ഉന്നയിക്കുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ, പ്രതിപക്ഷനേതാവ് ഉൾപ്പെടെ ഈ സഭയിൽ ഇതുസംബന്ധിച്ച് സബ്മിഷൻ കൊണ്ടുവന്നിരുന്നു. പ്രതിപക്ഷ ഉപനേതാവ്, ഭരണകക്ഷിയിലെയും പ്രതിപക്ഷത്തെയും

പ്രധാനപ്പെട്ട ലീഡർഷിപ്പിലുള്ള എം.എൽ.എ.-മാരൊക്കെത്തന്നെ ഈ വിഷയം ശ്രദ്ധയിൽപെടുത്തിയിരുന്നു. സാധ്യമാകുന്ന എല്ലാ കാര്യങ്ങളിലും ഇടപെടുന്നുണ്ട്. ചില കാര്യങ്ങളിൽ മുഖ്യമന്ത്രിതന്നെ നേരിട്ട് ഇടപെട്ടു. വടകര നിയോജകമണ്ഡലത്തിലെ അംഗം ഇവിടെ ചൂണ്ടിക്കാണിച്ച പ്രസ്തുത നിയോജകമണ്ഡലത്തിലെ ചില പ്രശ്നങ്ങൾ അങ്ങനെ ഇടപെട്ട് പരിഹരിച്ചിട്ടുണ്ട്. ഈ പറഞ്ഞ വിഷയത്തിലും പ്രത്യേകം ഇടപെട്ടിട്ടുണ്ട്. മറ്റ് കാര്യങ്ങളിൽ എങ്ങനെ ഇടപെട്ട് പരിഹരിച്ച് മുന്നോട്ടുപോകാമെന്നുള്ളത് പരിശോധിക്കാം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: മധുര-കൊച്ചി ദേശീയപാത 85 തിരുവാങ്കുളം മറ്റക്കുഴിയിൽനിന്നും ആരംഭിക്കുന്ന തൃപ്പൂണിത്തുറ ബൈപ്പാസാണ്. ഇതിനായി 30 വർഷംമുമ്പ് ഇവിടെ മാർക്ക് ചെയ്തുപോയതാണ്. പക്ഷെ, മാർക്ക് ചെയ്ത ഭൂമി ഇതുവരെയും നാഷണൽ ഹൈവെ ഏറ്റെടുത്തിട്ടില്ല. അതുകാരണം ഇവിടത്തെ ഭൂവുടമകൾ വലിയ പ്രതിസന്ധി നേരിടുകയാണ്. പ്രസ്തുത സ്ഥലത്ത് ഭൂമിയുടെ ക്രയവിക്രയം നടത്താനോ കെട്ടിടം പണി നടത്താനോ ഒന്നും കഴിയുന്നില്ല. ഇത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിലും സ്റ്റേറ്റ് ഗവൺമെന്റിലും അനവധി റെപ്രസന്റേഷൻസ് വന്നു. സ്റ്റേറ്റ്

ഗവൺമെന്റെടുത്തിരിക്കുന്ന തീരുമാനം, ഇത് കേന്ദ്രഗവൺമെന്റിന്റെ പദ്ധതിയെന്ന നിലയിൽ ഉപരിതല വകുപ്പ് ഇതിനുവേണ്ടിയുള്ള തുക ലഭ്യമാക്കണമെന്നാണ്. അതേസമയം കേന്ദ്രഗവൺമെന്റ് പറയുന്നത് സ്റ്റേറ്റ് ഗവൺമെന്റ് ആയതിന്റെ തുക വിനിയോഗിക്കണമെന്നാണ്. പക്ഷേ ഇതാരും ഏറ്റെടുക്കുന്നില്ല എന്നുള്ളതാണ്. ആ പ്രദേശത്തെ ഭൂമി ഏറ്റെടുക്കാനും കഴിയുന്നില്ല. NH-85-ന് 30 വർഷംമുമ്പ് മാർക്ക് ചെയ്തിരിക്കുന്ന ടി പ്രദേശത്തെ ഭൂമി ഏറ്റെടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: ഇക്കാര്യം ഇന്നലെ സഭയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷത്തുനിന്നുള്ള അംഗങ്ങൾക്ക് ചോദ്യം ചോദിക്കാൻ 25 സെക്കന്റ് മാത്രമാണ് നൽകുന്നത്, ഇങ്ങനെയാണെങ്കിൽ ഞങ്ങൾ ചോദ്യങ്ങൾ ബഹിഷ്കരിക്കും...(മൈക്ക് ഓഫ്)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, സമയം ആയിക്കഴിഞ്ഞതുകൊണ്ടാണ്, ചോദ്യത്തിന് മറുപടി പറയണ്ടേ...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതുശരിയല്ല. 25 സെക്കന്റിനുള്ളിൽ ചോദ്യത്തിലേക്ക് കടക്കാൻ കഴിയില്ല, ഒരു സ്റ്റേറ്റ്മെന്റ് പറയാതെ ചോദ്യം ചോദിക്കാൻ കഴിയുമോ? മറുപടിക്ക് നാല് മിനിറ്റ്..... (മൈക്ക് ഓഫ്) (.....ബഹളം...)

<u>മി. സ്പീക്കർ</u>: 10 മണിയായിക്കഴിഞ്ഞു, ഉത്തരം ലഭിക്കണ്ടേ? പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രി, മറുപടി പറഞ്ഞോളൂ... ഞാൻ കാര്യങ്ങൾ പറയാം... (ബഹളം...) ഒരു മിനിട്ട്... മറുപടി പൂർണ്ണമാക്കട്ടേ.. അതിനുശേഷം ചെയർ ക്ലിയർ ചെയ്യാം... അങ്ങ് പറഞ്ഞോളൂ....

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, സമയം പത്ത് മണി കഴിഞ്ഞു, ഇന്നലെ ഈ വിഷയം സംബന്ധിച്ച് വളരെ വിശദമായി പറഞ്ഞിരുന്നു, ഒരു കാര്യവുമില്ലാതെ ഇറങ്ങിപ്പോയതിനാൽ കേൾക്കാത്തതുകൊണ്ടുള്ള പ്രശ്നമാണ്, ആ മറുപടി ഒന്ന് പരിശോധിച്ചാൽമതി.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അദ്ദേഹം ഒരു മുതിർന്ന അംഗമായതുകൊണ്ടാണ് ചോദ്യം ചോദിക്കാനുള്ള അവസരം കൊടുത്തത്, ചോദ്യോത്തര സമയം ഏതാണ്ട് പൂർണ്ണമായിരുന്നു. പത്ത് മണിയോട് അടുത്തതുകൊണ്ട് ഉത്തരം ലഭിക്കുന്നതിനായാണ്

അദ്ദേഹത്തോട് ചോദ്യം പെട്ടെന്ന് ചോദിക്കാൻ പറഞ്ഞത്, അതല്ലാതെ അദ്ദേഹത്തെ disrespect ചെയ്തതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷത്തുനിന്നും ചോദ്യങ്ങൾ ചോദിച്ച എല്ലാ അംഗങ്ങളുടെയും കാര്യത്തിൽ 25-30 സെക്കന്റ് ആകുമ്പോഴേക്കും ചെയർ ഇടപെടുമായിരുന്നു, ഒരു സ്റ്റേറ്റ്മെന്റ് പറയാതെ ചോദ്യം ചോദിക്കാൻ എങ്ങനെ സാധിക്കും? ഞങ്ങളൊക്കെ പത്തിരുപത്തിനാല് വർഷമായി ഈ നിയമസഭയിലുണ്ട്, ഏത് കാലത്താണ് ഇങ്ങനെ ഉണ്ടായത്. ഭരണകക്ഷി അംഗങ്ങൾ ചോദ്യങ്ങൾ ചോദിച്ചുതുടങ്ങുന്നത് ഗവൺമെന്റിനെയും മന്ത്രിമാരെയും അഭിനന്ദിച്ചുകൊണ്ടല്ലേ? ഒരു വിഷയം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പറഞ്ഞുകൊണ്ടാണ് ചോദ്യം ചോദിക്കുന്നത്. 20-30 സെക്കന്റുകൾ ആകുമ്പോഴേക്ക് അങ്ങ് ഇടപെടുകയാണെങ്കിൽ പ്രതിപക്ഷം ചോദ്യോത്തരവേള ബഹിഷ്കരിച്ചേക്കാം.

Mr. Speaker: Let me clear my stand,..

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, തുടർച്ചയായി ഈ സഭയിൽ ബഹു. സ്പീക്കറുടെ ഇത്തരത്തിലുള്ള

അധികാരങ്ങൾ ചോദ്യം ചെയ്യുന്ന രീതി അങ്ങേയറ്റം തെറ്റാണ്. (......ബഹളം...) ഇവിടെ ബഹുമാന്യനായ അംഗം ചോദ്യോത്തര സമയം അവസാനിക്കാറായിട്ടും ചോദ്യം ചോദിച്ചപ്പോൾ യഥാർഥത്തിൽ ആ അംഗത്തിന് പ്രത്യേകമായ ഒരു അവസരം നൽകുക എന്ന നടപടിയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ ഇടപെടൽവഴി ചോദ്യോത്തരവേളയിൽ ചോദ്യത്തിനുള്ള മറുപടി ലഭിക്കുന്നത് തടസ്സപ്പെടുത്തുന്ന പ്രവൃത്തി സംഭവിച്ചു എന്നതാണ് യാഥാർഥ്യം. ഇത്തരം കാര്യങ്ങളിൽ എല്ലാവരുംതന്നെ ധാരണയോടെ പോകുന്നതാണ് പൊതുവെ സഭയ്ക്ക് നല്ലത്. ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ മറുപടിയും പരമാവധി ചുരുക്കിത്തന്നെയാണ് പറയുന്നത്, ആ രൂപത്തിൽ കാര്യങ്ങൾ ഉൾക്കൊണ്ടുപോകുന്നതാണ് എപ്പോഴും നല്ലത്.

മി. സ്പീക്കർ: യെസ്.. പ്ലീസ്.. ചെയർ പറയാം. Let me clear my stand.

ശ്രീ. പി. രാജീവ്: സർ, ഞാൻ ഒരിക്കൽ ഈ സഭയിൽ ഇത്തരം അവസരങ്ങളിലെ പാർലമെന്ററി പ്രൊസീഡ്യുവർ പറയുകയുണ്ടായി. പാർലമെന്റിൽ ചോദ്യത്തിനുള്ള ഉത്തരം മേശപ്പുറത്തുവയ്ക്കാറേ പതിവുള്ളൂ. ആ

നടപടി ഇവിടെയും സ്വീകരിക്കാമെന്ന് അന്ന് ചെയർതന്നെ പറഞ്ഞിരുന്നു. ഇപ്പോൾ മിക്കവാറും ഉത്തരങ്ങൾ മന്ത്രിമാർ സഭയിൽ വായിക്കാറില്ല. എന്നാൽ ഇവിടെ നൽകുന്ന ഉത്തരങ്ങൾ പൂർണ്ണമായും വായിക്കാനുള്ള അവകാശം മന്ത്രിമാർക്കുണ്ട്, അങ്ങേയ്ക്ക് 'ഉത്തരം മേശപ്പുറത്ത് വയ്ക്കാമോ' എന്ന് ചോദിക്കാനേ സാധാരണഗതിയിൽ സാധിക്കുകയുള്ളൂ. അംഗങ്ങൾക്ക് പരമാവധി ചോദ്യങ്ങൾ ചോദിക്കാൻ അവസരം ലഭിക്കണമല്ലോ എന്നതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നത്, ആ കാര്യംകൂടി അംഗങ്ങൾ കാണേണ്ടതുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം മേശപ്പുറത്ത് വയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. ഇവിടെ ഒരു ചോദ്യം വന്നപ്പോൾ അദ്ദേഹം അതിനുള്ള മറുപടി പറഞ്ഞു, അതിനുള്ള ഉത്തരവാദിത്വം അദ്ദേഹത്തിനുണ്ട്. ബഹുമാനപ്പെട്ട അനൂപ് ജേക്കബ് ഒരു മുതിർന്ന അംഗമായതുകൊണ്ടും മുൻമന്ത്രി ആയതുകൊണ്ടുമാണ് ഏതാണ്ട് പത്ത് മണിയോടടുക്കാറായിട്ടും ചോദ്യത്തിനുള്ള അവസരം കൊടുത്തത്. ചെയർ ഇടപെട്ടത് അദ്ദേഹത്തിന് ഉത്തരം ലഭിക്കാനാണ്, അതല്ലാതെ അദ്ദേഹത്തോട് അനാദരവ്

കാണിച്ചതല്ല. ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരു അഭ്യർഥനയുണ്ട്, പലപ്പോഴും ചോദ്യം ചോദിക്കുന്നതിന് ഒരു മിനിട്ടിൽക്കൂടുതൽ സമയമെടുക്കുന്നത് മുതിർന്ന അംഗങ്ങളാണ്. ഒരു മിനിട്ട് ഒരു ചോദ്യം ചോദിക്കാനെടുത്താൽ എങ്ങനെ ഉത്തരം ലഭിക്കും? അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയർ ഒരിക്കൽക്കൂടി റിക്വസ്റ്റ് ചെയ്യുന്നത് ചോദ്യങ്ങൾ 45 സെക്കന്റിനുള്ളിൽ ക്രമീകരിച്ചാൽ മന്ത്രിമാർക്ക് അതിന് മറുപടി നൽകാൻ സാധിക്കും, പരമാവധി ആളുകൾക്ക് ചോദ്യത്തിനുള്ള അവസരവും ലഭിക്കും. പത്തിൽ ചുവടെ അംഗങ്ങൾക്കുമാത്രമെ ഈ സെഷനിൽ ചോദ്യത്തിനുള്ള അവസരം ലഭിക്കാതെയുള്ളൂ, അതിലാണെങ്കിൽ ശ്രീമതി ഉമ തോമസ് ആബ്സന്റാണ്, മറ്റുചിലർ കൃത്യമായി സഭയിൽ ഹാജരാകാത്തതുകൊണ്ടാണ്. ഏതാണ്ട് എല്ലാ അംഗങ്ങൾക്കും ചോദ്യം ചോദിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ചെയറിന്റെ മുൻഗണന പരമാവധി അംഗങ്ങൾക്ക് അവസരം നൽകുക എന്നതിലാണ്, അതല്ലാതെ ഏതെങ്കിലും അംഗത്തെ അപമാനിക്കാനല്ല. അതുകൊണ്ടുതന്നെ ചെയറുമായി സഹകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. സമയ ലംഘനം നടത്തുന്നത് മുതിർന്ന അംഗങ്ങളാണ്, 24 വർഷം എന്നുപറയുമ്പോൾ

അതിനേക്കാളും കൂടുതൽ വർഷങ്ങൾ സഭയിൽ അംഗങ്ങളായവരാണ് പലപ്പോഴും ചോദ്യത്തിനായി ഒന്ന്-ഒന്നര മിനിട്ട് എടുക്കുന്നത്, രണ്ടുപക്ഷത്തും അങ്ങനെതന്നെയാണ്. അതുകൊണ്ട് ചെയറുമായി പരമാവധി സഹകരിക്കണമെന്ന് ഒരിക്കൽക്കൂടി റിക്വസ്റ്റ് ചെയ്യുകയാണ്.

ഓർഡർ.... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)